
Monthly Price - Rs.4/-

# ബൈബിൾ ട്രൂത്ത്



| മനുഷ്യൻ | ദൈവം |
| --- | --- |
| മൺമയൻ, ദൈവസാദൃശ്യമുള്ളവൻ | അരൂപിയും നിത്യനും |
| ദൈവസൃഷ്ടി | സൃഷ്ടി കർത്താവ് |
| മർത്യൻ | അമർത്യൻ |
| പരിമിതിയുള്ളവൻ | പരിമിതിയില്ലാത്തവൻ |
| ഭൗതികൻ എന്നാൽ ആത്മികമാകാൻ സൃഷ്ടിക്കപ്പെട്ടവൻ | ദിവ്യത്വമുള്ളവൻ |
| പാപത്തിനിരയാകുന്നവൻ | പരിശുദ്ധൻ |
| വികാരഗതിഭേദമുള്ളവൻ | വികാരത്താൽ മാറ്റമില്ലാത്തവൻ |
| ഒരു സമയത്ത് ഒരു സ്ഥലത്തു ജീവിക്കുന്നവൻ | സർവ്വവ്യാപി |
| ശരീരം താല്ക്കാലികമാണ് | ശരീരരഹിതൻ |
| ദൈവകല്പന വിശ്വസിച്ച് അനുസരിച്ചാൽ ജീവിതം ദൈവികമായി മാറും. ദൈവത്തിന്റെ അപ്രമേയജ്ഞാനത്താൽ അറിഞ്ഞു ദൈവത്തെ ഭയന്ന് കല്പനകൾ അനുസരിച്ചാൽ അവൻ ദൈവത്തോടു കൂടെ നിത്യനായി ജീവിക്കും | ന്യായകർത്താവ്<br>വിശ്വസ്തൻ<br>സത്യവാൻ<br>സ്നേഹവാൻ<br>രക്ഷകൻ |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 20** **April 2006** **No.1**

## എഡിറ്റോറിയൽ

വിജയം ആഗ്രഹിക്കാത്തവർ സാമാന്യബുദ്ധിയുള്ളവരിൽ ആരും കാണുകയില്ല. എന്നാൽ ഓരോരുത്തരുടേയും വ്യക്തിപരമായ ജീവിതം പരിശോധിച്ചാൽ വിജയം എന്നാലെന്തെന്നും പരാജയം എന്നാലെന്തെന്നും കാണാൻ കഴിയും. എന്തിലാണ് വാസ്തവത്തിൽ നാം വിജയിക്കേണ്ടത്? അതെങ്ങനെ സാധിക്കും? എന്തുകൊണ്ടാണ് നിരവധി പേർ പരാജയത്തിൽപെട്ടു നീറുന്നത്? ഈ ചോദ്യങ്ങൾക്കെല്ലാം നാം ഉത്തരം കണ്ടെത്തേണ്ടതുണ്ട്. അവിഹിതവും അന്യായവുമായ പലതും ചെയ്തു സമൂഹത്തിൽ ഉയരാൻ ആഗ്രഹിക്കുന്നവർ ഇന്നു വർദ്ധിച്ചുവരികയാണ്. സത്യസന്ധതയോ വിശ്വസ്തതയോ, അവർക്കു പ്രശ്നമല്ല. തട്ടിപ്പു നടത്തി കാര്യം കാണാൻ ശ്രമിക്കുന്ന യുവാക്കൾ ധാരാളം നമ്മുടെ സമൂഹത്തിൽ ഉണ്ട്. അടുത്ത സമയത്തു ഒരു വിവാഹതട്ടിപ്പുവീരൻ രണ്ടു മൂന്നു വിവാഹങ്ങൾ നടത്തി മറ്റൊരു വിവാഹത്തിനായി മുതിർന്നു പിടിക്കപ്പെട്ടപ്പോൾ വിഷം കഴിച്ചു മരിച്ചു. അവൻ ഏതൊന്നിൽ വിജയിക്കാമെന്നു കരുതിയോ അത് അവനെ പരാജയത്തിലെത്തിച്ചു. അവസാനം അവന്റെ ജീവനും നഷ്ടമായി. ജീവിതത്തിൽ ഇതുപോലെ പലതും ചെയ്തിട്ടു വിജയിക്കാതെ വന്നു ആത്മഹത്യചെയ്തവർ ഏറെയാണ്. അവർ വാസ്തവത്തിലുള്ള വിജയം എന്തെന്നു തിരിച്ചറിയുന്നില്ല.

സാമ്പത്തിക പരാധീനത, വിശ്വാസ വഞ്ചന, ചതി, തീരാരോഗം, അപ്രതീക്ഷിത നഷ്ടങ്ങൾ എന്നിങ്ങനെ നീണ്ടുപോകുന്നു പരാജയസാഹചര്യങ്ങൾ. പരീക്ഷകളിൽ പാസാകാതെ കുട്ടികൾ പരാജയഭീതി നേരിടാനാകാതെ ഏതാനും പേർ ജീവനൊടുക്കി കള

ഞ്ഞിട്ടുണ്ട്. അവരും വാസ്തവത്തിൽ ജീവിത വിജയത്തെ തിരിച്ചറിയാത്തവരാണ്. ഏതൊന്നിൽ നിങ്ങൾ പരാജയപ്പെടുന്നു എന്നതല്ല മുഖ്യം. ദൈവം നിങ്ങളിൽ നിന്നും ആഗ്രഹിക്കുന്നതു നിവർത്തിക്കുന്നതിൽ നിങ്ങൾ വിജയിക്കുന്നുണ്ടോ എന്നാണ് ചിന്തിക്കേണ്ടത് അനവധിപേർ അങ്ങനെയല്ല ചിന്തിക്കുന്നത്. സമൂഹദൃഷ്ടിയിൽ വില കല്പിച്ചിരിക്കുന്നവയുമായി നമ്മുടെ ജീവിതത്തെ താരതമ്യം ചെയ്യുന്നവരാണ് അധികവും. നാം വില കല്പിക്കേണ്ടതു ദൈവം വിലകല്പിച്ചിരിക്കുന്നതിനാണ്. അതെന്താണെന്നു നാം നോക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കാൻ മനുഷ്യർ പലമാർഗ്ഗങ്ങളും ആരായുന്നുണ്ട്. ദൈവം നിർദ്ദേശിച്ചിട്ടുള്ള വഴി അവലംബിക്കുക എന്നതാണ് ശരിയായ പ്രതിവിധി. ദുർമാർഗ്ഗമോ അന്ധവിശ്വാസത്തിൽ നിന്നും ഉരുത്തിരിഞ്ഞ ദുർമ്മാർഗ്ഗങ്ങളോ പരിഹാരമല്ല. അവ പ്രശ്നം രൂക്ഷമാക്കുകയേ ഉള്ളു. ഉദാഹരണമായി ജപിച്ചു ചരട് കെട്ടുകയോ ഏലസ് അണിയുകയോ ചെയ്താൽ ഒരു ഫലവും കിട്ടുകയില്ല. നിങ്ങളുടെ മനസ്സിൽ മാത്രം അല്പം ആശ്വാസം കിട്ടും. അത്രയുമേയുള്ളു.

ലോകത്തെ അതിജീവിച്ചുകൊണ്ടാണ് യേശുക്രിസ്തു വിജയിച്ചത്. മരണത്തെപ്പോലും അതിജീവിച്ചവനാണ് കർത്താവ്. കർത്താവ് നമുക്ക് കാണിച്ചിരിക്കുന്ന മാർഗ്ഗം ജഡികമായ ഉയർച്ചയല്ല. ജഡികമായ ഏതു ചിന്തയും നമ്മെ അധഃപ്പതിപ്പിക്കും. ആത്മീയ ചിന്തയോ നമ്മെ ജീവിപ്പിക്കും. സ്വാർത്ഥമായ ഇച്ഛകൾ സ്വയം ഉയരുവാൻ സഹായിക്കുമെന്ന് വ്യാജമായി മനുഷ്യനെ തെറ്റിദ്ധരിപ്പിക്കുന്നു. ശരിയായി പഠിക്കാതെ പരീക്ഷ കോപ്പിയടിച്ച് എഴുതി പാസാകാം എന്നു ഒരു വിദ്യാർത്ഥി വിചാരിച്ചാൽ അത് പിടിക്കപ്പെട്ടു കഴിഞ്ഞാൽ അവനെ നിരാശനാക്കും. അതുപോലെ വ്യാജമായ മാർഗ്ഗത്തിലൂടെ സ്വത്ത് സമ്പാദിച്ചാലും പിടിക്കപ്പെടുമ്പോൾ ഫലം നിരാശയും ദുഃഖവും ലജ്ജയുമായിരിക്കും. അപ്പോൾ ഇതൊന്നുമല്ല നമ്മുടെ വിജയത്തിനായി ദൈവം വച്ചിരിക്കുന്നത്. ഈ ലോകത്തുള്ള പദവികളോ സ്ഥാനങ്ങളോ ഒന്നും നമ്മെ വാസ്തവത്തിൽ വിജയിപ്പിക്കുന്നില്ല. നമ്മെ ദൈവം ഈ ഭൂമി എന്ന ഓട്ടക്കളത്തിൽ ഓടുന്നതിനായി നിയമിച്ചിരിക്കുന്നു. പിന്തുടരുവാൻ ഒരു മാതൃകയും തന്നിട്ടുണ്ട്. കർത്താവ് ഈ ഭൂമിയിൽ വന്ന് ഏതാണ്ട് മൂന്നര വർഷം കൊണ്ട് ഈ ലോകത്തിലെ സകല ദുഷ്ട ശക്തികളെയും ജയിച്ചു. ദിവ്യ സ്വഭാവത്താൽ അവൻ സകലത്തെയും തനിക്കു കീഴ്പ്പെടുത്തി.

ആത്മാവിന്റെ സഹായത്താൽ മാത്രമെ ജഡിക മനുഷ്യന് വിജയിക്കാൻ സാധിക്കൂ. ദൈവവചനത്തിൽ വിശ്വസിക്കയും, നിയമരഹിതമായ, അധാർമ്മികമായ ജീവിതം മതിയാക്കുകയും ചെയ്യണം. നീതിയുടേയും സത്യത്തിന്റേയും പാതയിൽ കൂടെ വേണം ഓടുവാൻ. ഹൃദയത്തിൽ വിശ്വാസം അരക്കിട്ടുറപ്പിക്കണം. യേശു ദൈവപുത്രനാണെന്ന് ഹൃദയത്തിൽ ഉറച്ചു വിശ്വസിക്കുകയും അധരം കൊണ്ട് ഏറ്റു പറയുകയും ചെയ്ത് പാപമോചനത്തിനായി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനമേല്ക്കയും ചെയ്യണം. അത്രയും നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായാൽ കർത്താവ് നിങ്ങളെ ആത്മീയമായി രക്ഷിക്കും. തുടർന്നു മരണത്തോളം അവന്റെ കല്പനകളും ഉപദേശങ്ങളും നിങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കി ദൈവത്തെ ആരാധിച്ച്, അവനെ സേവിച്ച് മുമ്പോട്ട് ഗമിച്ചാൽ നിത്യമായും നിങ്ങൾ വിജയിയായിത്തീരും. ഇതു സ്ഥിരമായ യാഥാർത്ഥ്യമാണ്.

★

## സത്യം-സത്യം തന്നെ

**J.C. ചോട്ട്**

എന്താണ് സത്യം? നിത്യവും പറഞ്ഞു കേൾക്കാറുള്ള വാക്കാണ് സത്യം എന്നത്. ചിലർ പറയുന്നതു തികച്ചും സത്യമായ ഒന്നില്ല എന്നാണ്. അവർക്കു വാസ്തവത്തിൽ സത്യം എന്തെന്ന് അറിഞ്ഞുകൂടാ എന്നതാണ് വാസ്തവം. അവർ "സത്യം" എന്നതിനു കൊടുക്കുന്ന നിർവ്വചനം ലോകത്തിൽ നിന്നും അവർക്കു ലഭിച്ച അറിവിൽ നിന്നാണ്. മനുഷ്യർക്ക് യഥാർത്ഥത്തിൽ കിട്ടിയിട്ടുള്ള ജ്ഞാനം പൂർണ്ണമല്ല എന്നതുകൊണ്ട് സത്യം ഇല്ല എന്നു പറയാനാവില്ല. മാനുഷിക സത്യം ഒരു രാജ്യത്തിൽ നിന്നു മറ്റൊരു രാജ്യത്തിൽ ചെല്ലുമ്പോൾ വ്യത്യാസമുള്ളതായി കാണാം. ഏതു ശരി ഏതു തെറ്റ് എന്ന് തീരുമാനിക്കുവാനുള്ള അവകാശം വാസ്തവത്തിൽ മനുഷ്യർക്കുണ്ടോ? എന്തു സ്വീകരിക്കണം, എന്തു തള്ളിക്കളയണം എന്നൊക്കെ അന്തിമമായി തീരുമാനിക്കുവാൻ കഴിയുമോ? നമ്മുടെ ജീവിതത്തിൽ ഏറ്റവും നല്ലത് ഏത് എന്ന് നമുക്കാണോ നിശ്ചയം? നമുക്കു മോശമായതെന്തെന്ന് അന്തിമമായി പറയാൻ നമ്മുടെ അറിവ് പര്യാപ്തമോ? എന്നീ ചോദ്യങ്ങൾക്കു നാം ഉത്തരം കണ്ടെത്തേണ്ടതായിട്ടുണ്ട്.

സ്വർഗ്ഗത്തിൽ വസിക്കുന്ന ഒരു ദൈവം, സൃഷ്ടികർത്താവും സർവ്വശക്തനും, എല്ലാം അറിയുന്നവനും, എല്ലാം കേൾക്കുന്നവനും, എല്ലാം സ്നേഹിക്കുന്നവനും ആയിട്ടുണ്ട് എന്നു നാം വിശ്വസിക്കുന്നുവെങ്കിൽ അവൻ സർവ്വ വസ്തുതകളെയും അറിയുന്നവനാണെന്നു നമുക്കു വിശ്വസിക്കാം. അവന്നു നമ്മുടെ ആവശ്യങ്ങൾ അറിയാം, രക്ഷിക്കപ്പെട്ട് നിത്യജീവനുള്ള പ്രത്യാശ നമ്മിൽ വരേണ്ടതിന്നു എന്തു പറയണമെന്നും അവൻ അറിയുന്നു. അതുകൊണ്ട്, അവൻ ഭോഷ്ക്കു പറകയോ, വഞ്ചിക്കുകയോ ഇല്ല. അവൻ നമ്മെ തെറ്റിലേക്കു നയിക്കയുമില്ല. അതുപോലെ അവൻ ഒരാളോട് ഒന്നും വേറൊരാളോട് വേറൊന്നും പറയുകയില്ല. ഒരു സംസ്ക്കാരത്തിലുള്ളവരോട് ഒന്നും വേറൊരു സംസ്ക്കാരത്തിലുള്ളവരോട് വേറൊന്നും പറയുകയില്ല. നമ്മെ എല്ലാം സൃഷ്ടിച്ചവനാണ് ദൈവം. നാമെല്ലാം പാപത്തിലാണെന്ന് അവൻ അറിയുന്നു. അക്കാരണത്താലാണ് തന്റെ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചതും അവൻ സർവ്വലോകത്തിന്റെയും പാപത്തിനായി മരിച്ചതും. യേശു പറഞ്ഞു, "ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹന്നാൻ 14:6).

ദൈവം ഒരുവൻ, കർത്താവ് ഒന്ന്, ആത്മാവ് ഒന്ന്, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, സഭ ഒന്ന് (എഫെസ്യർ 4:4-6). അതുപോലെ വഴി ഒന്ന്, വാതിൽ ഒന്ന്, സുവിശേഷം ഒന്ന്, അടിസ്ഥാനം ഒന്ന്, നാമം ഒന്ന്, ആരാധന ഒന്ന്, ആരാധനാ ദിവസം ഒന്ന്, സ്വർഗ്ഗം ഒന്ന്, നരകവും ഒന്ന് എന്നാണ് നമ്മോട് പറഞ്ഞിരിക്കുന്നത്. ഇവ എല്ലാറ്റിലും സത്യം ഒന്നുമാത്രമാണ്. അതിനുമാറ്റമില്ല. മനുഷ്യൻ അതിനെ വ്യാഖ്യാനിച്ച് അതിന്റെ ശക്തിയില്ലാതാക്കാൻ ശ്രമിച്ചേക്കാം. എന്നാൽ സത്യം സത്യമായിത്തന്നെ നിലനില്ക്കുന്നു. സത്യം രണ്ടോ മൂന്നോ അതിലധികമോ ഇല്ല. സത്യം ഒന്നു മാത്രമേയുള്ളൂ.

ദൈവം തന്റെ ഇഷ്ടം എന്തെന്ന് കാലാകാലങ്ങളിൽ വെളിപ്പെടുത്തിയ സത്യവേദപുസ്തകത്തിൽ നമ്മോട് അറിയിച്ചിട്ടുണ്ട് (2 തിമൊഥെയൊസ് 3:16,17). വചനം സത്യവും ജീവനും ആത്മാവുമാണ് (യോഹന്നാൻ 6:63). അതുകൊണ്ട് ദൈവത്താൽ എഴുതപ്പെട്ടിരിക്കുന്ന വചനത്തോട് കൂട്ടുവാനോ കുറക്കുവാനോ പാടില്ല. അതു അതുപോലെ തന്നെ സ്വീകരിക്കാനാണ് ദൈവം പറഞ്ഞിരിക്കുന്നത്. മനുഷ്യന്റെ ആവശ്യങ്ങൾ ദൈവത്തിനറിയാവുന്നതുകൊണ്ട് അതു ലഭിക്കുവാൻ നാം എന്തു ചെയ്യണമെന്ന് അവൻ പറഞ്ഞിട്ടുണ്ട്.

എല്ലാ ആളുകളിലും പാപം എന്ന രോഗം ബാധിച്ചിരിക്കയാണ്. അതിനുള്ള ഏക പ്രതിവിധി ദൈവം എഴുതി വെച്ചിരിക്കുകയാണ് (മർക്കൊസ് 16:15–16).

നാം എന്തു ചെയ്യണമെന്നു കർത്താവിനറിയാം അവൻ നമ്മോടെല്ലാം ചെയ്യാൻ പറഞ്ഞിരിക്കുന്നത് ഒന്നുതന്നെയാണ്. അവൻ എല്ലാവരേയും ഒരേ പോലെയാണ് രക്ഷിക്കുന്നത്. എല്ലാവരേയും തന്റെ സഭയോട് ചേർക്കുന്നതും ഒരു പോലെയാണ് (പ്രവൃത്തി 2:38–47). ദൈവം തന്റെ പുത്രൻ മുഖാന്തരമാണ് ഈ അന്ത്യകാലത്തു സംസാരിക്കുന്നത് (എബ്രായർ 1:1–2). അവൻ സത്യം സംസാരിച്ചിരിക്കുന്നു (യോഹന്നാൻ 8:32). നാം അപ്രകാരം ജീവിക്കയും, ഉപദേശിക്കയും വേണം തന്നെയുമല്ല, ആകാശത്തിൻ കീഴിൽ സകല മനുഷ്യർക്കിടയിലും സുവിശേഷം എത്തിക്കയും വേണം.

ക്രിസ്തു പറഞ്ഞു, ദൈവം ആത്മാവാകുന്നു; അവനെ നമസ്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്കരിക്കണം (യോഹന്നാൻ 4:24). കർത്താവിന്റെ ജനമായ നാം നമ്മുടെ ആരാധന ദൈവത്തിൽ അർപ്പിക്കണം. അതു താഴ്മയോടെ, ആത്മാർത്ഥതയോടെ ആയിരിക്കണം. അവൻ കല്പിച്ചതുപോലെ ആരാധിച്ചാലേ അവൻ സ്വീകരിക്കയുള്ളു. അതിൽ നിന്നു കുറഞ്ഞാലോ കൂടിയാലോ ദൈവം അംഗീകരിക്കയില്ല.

കർത്താവിന്റെ വചനമായ സത്യം, സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ പ്രമാണമാണ് (യാക്കോബ് 1:25). നാം വചനം കേൾക്കുക മാത്രം ചെയ്തു നമ്മെതന്നെ ചതിക്കുന്നവരായിട്ടല്ല, അതങ്ങനെ തന്നെ പ്രമാണിക്കുന്നവരായിരിക്കണം (യാക്കോബ് 1:22). ക്രിസ്തു പറഞ്ഞു, "ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ" (വെളിപ്പാട് 22:14). അവന്റെ വചനം ഒരിക്കലും ഒഴിഞ്ഞുപോകയില്ല (മത്തായി 24:35). അവന്റെ വചനമാണ് അന്ത്യനാളിൽ എല്ലാവരേയും ന്യായം വിധിക്കുന്നതും (യോഹന്നാൻ 12:48).

ദൈവം ഭോഷ്ക്കില്ലാത്തവനാണ്. അവനു ഭോഷ്ക്ക് പറയാൻ സാദ്ധ്യമല്ല (തീത്തൊസ് 1:2, എബ്രായർ 6:18). അവന്റെ അരുളപ്പാടുകൾ മുൻപും ഇപ്പോൾ ഉള്ളതും എല്ലാം സത്യമാണ്. അവന്റെ വചനം തന്നെ സത്യം (യോഹന്നാൻ 17:17). ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാർ പ്രസംഗിച്ച അതേ സുവിശേഷം തന്നെയാണ് ഇന്നും പ്രസംഗിക്കേണ്ടത്. ആ സുവിശേഷം അല്ലാതെ മറ്റൊന്ന്

അറിയിക്കുന്നവൻ ശപിക്കപ്പെട്ടവൻ (ഗലാത്യർ 1:6–8). അതു അന്നു പാപികളെ രക്ഷിച്ചു. ഇന്നും പാപികളെ രക്ഷിക്കുന്നതു സുവിശേഷമാണ് (റോമർ 1:16). കാലത്തിനനുസരിച്ചു മാറ്റം വരുത്തേണ്ടതല്ല സുവിശേഷം. ദൈവത്തിന്റെ സത്യവചനത്തിൽ നിന്ന് അകന്നു പോയവർക്കു സംഭവിച്ച ദുരന്തം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സത്യത്തെ മാറ്റുന്നവർ ഭോഷ്ക്കിനെ ഇഷ്ടപ്പെടുന്നവരാണ്. പിശാചാണ് ഭോഷ്ക്കിന്റെ വക്താവ്. ഭോഷ്ക്ക് ആളുകളെ നശിപ്പിക്കും എന്നതാണ് പരമാർത്ഥം.

അന്ന് സത്യമായിരുന്നതു ഇന്നും സത്യമാണ്. സത്യത്തിൽ വസ്തുതകൾ, സത്യവിവരങ്ങൾ, ദൈവത്തിൽ നിന്നു നേരിട്ടു നല്കിയ കല്പനകളും ഉൾപ്പെടുന്നു. നമുക്ക് അതു ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, നാം വിശ്വസിച്ചാലും ഇല്ലെങ്കിലും, ദൈവത്തിന്റെ വിശ്വസ്തതക്കും സത്യത്തിനും നീക്കം വരികയില്ല. സത്യത്തെ കൈക്കൊള്ളാതെ അനീതിയിൽ രസിക്കുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. സത്യത്തെ ആളുകൾ സ്നേഹിക്കായ്കകൊണ്ട് ദൈവം അവരിലേക്ക് വ്യാജത്തിന്റെ വ്യാപാര ശക്തി അയക്കുകയാണ്. അങ്ങനെ അവർ തങ്ങളുടെ നാശത്തിനായി ഭോഷ്ക്ക് വിശ്വസിച്ച് അനുസരിച്ചു പോകയാണ്. സാമാന്യബുദ്ധിയുള്ളവർ സത്യത്തെ വിശ്വസിക്കുക, സത്യം അനുസരിക്കുക, സത്യസന്ധമായി ജീവിക്കുക, സത്യം പ്രസംഗിക്കുക, അതിൽ നിന്നും ഒരിക്കലും വിട്ടുമാറുകയോ അല്ലെങ്കിൽ അതിനെക്കുറിച്ചു ലജ്ജിക്കുകയോ ചെയ്യരുത്. അങ്ങനെയെങ്കിൽ അവസാനത്തോളം വിശ്വസ്തമായി സത്യത്തിൽ നിലനിന്നാൽ നിത്യജീവൻ ദൈവം പ്രതിഫലമായി തരും.

★

## അന്ധകാരത്തിൽ നിന്നു പ്രകാശത്തിലേക്ക്

**T.R. ഡോലിങ്ങ്**

തന്റെ കൃപയാൽ ദൈവം ക്രിസ്ത്യാനികളെ അനുഗ്രഹിക്കുന്നു. രക്ഷാ ഉടമ്പടിയുടെ ഭാഗമായി ധാരാളം അനുഗ്രഹങ്ങൾ അവർക്കു ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. എഫെസ്യർക്കു ലേഖനമെഴുതുമ്പോൾ അപ്പൊസ്തലൻ അതു വെളിപ്പെടുത്തിയിട്ടുണ്ട് (എഫെസ്യർ 3:4–6).

എഫെസ്യയിലുണ്ടായിരുന്നവർ തങ്ങളുടെ രക്ഷക്കായി

എന്തു ചെയ്തു എന്നും അവർ ദൈവ കൃപയുടെ ഗുണഭോക്താക്കളായതെങ്ങനെ എന്നും അവിടെ വ്യക്തമാക്കിയിട്ടുണ്ട്. അന്ന് എഫെസ്യയിലുണ്ടായിരുന്നവർ രക്ഷിക്കപ്പെടുവാൻ എന്തു ചെയ്തു എന്നു നാം അറിഞ്ഞാൽ ഇന്നു നാം രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന് അറിയുവാൻ പ്രയാസമില്ല. കാരണം തിരുവെഴുത്തിന് മാറ്റം വരുന്നില്ല. നിയമം പ്രാബല്യത്തിലിരിക്കുവോളം ആ നിയമമാണ് എല്ലാവരും അനുസരിക്കേണ്ടത്.

പ്രവൃത്തി 18,19 എന്നീ അദ്ധ്യായങ്ങളിലും എഫെസ്യലേഖനത്തിലും ഉള്ള ചരിത്ര രേഖ പറയുന്നുണ്ട് അന്ന് ആളുകൾ എങ്ങനെ രക്ഷിക്കപ്പെട്ടു എന്ന്. സുവിശേഷം പ്രസംഗിക്കുന്നത് ആദ്യം അവർ കേട്ടു (പ്രവൃത്തി 18:18–21; 19:1–10; എഫെസ്യർ 1:13). രണ്ടാമത്, സുവിശേഷത്തിലെ ഉപദേശം അവർ കേട്ടു വിശ്വസിച്ചു. അതു ദൈവത്തിൽ നിന്നുള്ള സത്യമായ വെളിപ്പാടായി അവർ സ്വീകരിച്ചു പാപത്തിൽനിന്നു പിന്തിരിഞ്ഞ് ദൈവ വഴിയിലേക്ക് തിരിയുവാൻ അവർ തീരുമാനിച്ചു. വിശ്വാസം അവരെ യേശു ദൈവപുത്രനാണെന്ന് ഏറ്റു പറയുവാൻ ധൈര്യപ്പെടുത്തി (പ്രവൃത്തി 19:17; എഫെസ്യർ 1:13,15). മൂന്നാമത്, അവരുടെ എല്ലാ മതപരമായ വിശ്വാസങ്ങളും തെറ്റാണെന്ന് ബോധ്യമായതുകൊണ്ട് അവർ മാനസാന്തരപ്പെട്ടു. തെറ്റായ പരിശീലനങ്ങൾ അവർ മതിയാക്കി (പ്രവൃത്തി 19:17–20). നാലാമത്, യേശുവിനെ കർത്താവായി അവരുടെ രക്ഷക്കായി ഏറ്റു പറഞ്ഞു (പ്രവൃത്തി 19:17,18). ക്രിസ്തുവിന്റെ ഉപദേശങ്ങൾ അനുസരിച്ചു ജീവിക്കാൻ അവർ തയ്യാറായി. അഞ്ചാമതായി അവർ ക്രിസ്തുവിനോട് ചേരുന്നതിനു പാപങ്ങളുടെ മോചനത്തിനായി സ്നാനമേറ്റു. ക്രിസ്തു കല്പിച്ച സ്നാനമാണ് എല്ലാവരും എടുക്കേണ്ടത്. മനുഷ്യർ പലവിധത്തിൽ ഈ കല്പനയെ മാറ്റിയും മറിച്ചും ചെയ്യിക്കുന്നുണ്ട്. പക്ഷെ ബൈബിളിൽ ഒരേ ഒരു സ്നാനമാണുള്ളത്. ക്രിസ്തുവിന്റെ ശരീരത്തോട് ബന്ധപ്പെടുന്ന കല്പനയാണ് സ്നാനം. കർത്താവിന്റെ യാഗത്തോട് ബന്ധപ്പെടുമ്പോഴാണ് യാഗഫലം വാസ്തവത്തിൽ കിട്ടുന്നത്.

വെള്ളത്തിൽ പാപസംബന്ധമായ ശരീരം അടക്കം ചെയ്യണം. ശരീരത്തിന്റെ ഇഛയാൽ നാം പാപം ചെയ്യുന്നു. അതുകൊണ്ട് പാപസ്വഭാവമുള്ള ശരീരത്തെ നാം മരിപ്പിക്കണം. സ്നാനമേല്ക്കുന്ന വ്യക്തിയിൽ രൂപാന്തരം സംഭവിക്കണം. വീണ്ടും ജനനമാണ് ദൈവം ഓരോ പാപിയിൽ നിന്നും ആഗ്രഹിക്കുന്നതു. വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനം തിരഞ്ഞെടുക്കാവുന്ന ഒന്നല്ല. അനുസ

രിക്കുവാൻ നിർബ്ബന്ധം നമ്മിൽ കിടക്കുന്നു. ദൈവരാജ്യത്തിലേക്കു (സഭയിലേക്കു) പ്രവേശിക്കുവാൻ മറ്റു മാർഗ്ഗമില്ല (യോഹന്നാൻ 3:3-5). മുടിയനായ പുത്രനെപോലെ നാമെല്ലാവരും വഴിതെറ്റി സഞ്ചരിച്ചിരുന്നു. എന്നാൽ നാം പിതാവിന്റെ ഭവനത്തിലേക്ക് ചെല്ലണം. ദൈവനിബന്ധനകൾ നാം മാനസാന്തരപ്പെട്ട് സ്നാനമേറ്റു ചെല്ലണമെന്നതാണ്. രക്ഷ സ്നാനശേഷമാണ് ദൈവം വച്ചിരിക്കുന്നത്. പാപികൾക്കാണ് രക്ഷ ആവശ്യം. ശിശുക്കൾ പാപം ചെയ്യുന്നില്ല. അവരിൽ ജന്മപാപം എന്നൊന്നില്ല (യെഹസ്ക്കേൽ 18:20). ശിശുക്കൾ ദൈവരാജ്യത്തിൽ തന്നെയാണ്. നാം ശിശുക്കളെപ്പോലെ തിരിഞ്ഞു വരണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

തെറ്റായ രീതിയിൽ സ്നാനമേറ്റവർ ശരിയായ സ്നാനമേറ്റാലേ പരിശുദ്ധാത്മാവ് ലഭിക്കയുള്ളു എന്നു ബോധ്യമായപ്പോൾ അവർ വചനപ്രകാരമുള്ള സ്നാനമേല്ക്കുകയും അവരിൽ ദൈവം തന്റെ ആത്മാവിനെ നല്കുകയും ചെയ്തു (പ്രവൃത്തി 19:2-5). യേശു കല്പിച്ച സ്നാനം പാപമോചനത്തിനുള്ളതാണ് (മത്തായി 28:18-20; മർക്കൊസ് 16:15,16; പ്രവൃത്തി 2:38; 22:16). പുതിയ ജനനം അവരെ ക്രിസതുവിലാക്കുന്നു. ക്രിസ്തുവിൽ ആകുക എന്നാൽ ക്രിസ്തുവിന്റെ ശരീരമെന്ന സഭയിൽ അംഗമാകുന്നു എന്നർത്ഥം (കൊലൊസ്യർ 1:18). രക്ഷിക്കപ്പെട്ടവരാണ് ക്രിസ്തുവിൽ ആകുന്നത്. അവർക്ക് ധാരാളം അനുഗ്രഹങ്ങൾ ലഭിക്കുന്നു. സകല്ല ആത്മീയമായ അനുഗ്രഹങ്ങളും അപ്പോഴാണ് അനുഭവിക്കാൻ കഴിയുന്നത്. ക്രിസ്തുവിലാകാൻ രക്ഷിക്കപ്പെടുകയല്ലാതെ മറ്റുമാർഗ്ഗമില്ല.

രക്ഷാ ഉടമ്പടിയുടെ ഭാഗമായി എന്തെല്ലാം അനുഗ്രഹങ്ങളാണ് എഫെസ്യയിലെ ക്രിസ്ത്യാനികൾക്ക് നല്കിയത്? ഇന്നു ക്രിസ്തുവിലാകുവാൻ അന്നവർ ചെയ്തതു തന്നെ ചെയ്താൽ അവ ലഭ്യമാണ്. ക്രിസ്തുവിന്റെ സഭയിലാകുന്നവർക്കു ദൈവം തരുന്ന അനുഗ്രഹങ്ങളെ എഫെസ്യർ 1:3-23 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിട്ടുണ്ട്. ക്രിസ്ത്യാനിയായവർ താഴെ പറയുന്നവ ആസ്വദിച്ചിട്ടുണ്ട്. ഇന്നും ആസ്വദിക്കുന്നു.

- ഭൗമിക അനുഗ്രഹങ്ങളേക്കാൾ മികച്ച ആത്മീയമായ അനുഗ്രഹങ്ങൾ (വാക്യം 3)
- ദൈവത്തിന്റെ തിരഞ്ഞെടുത്ത വിശുദ്ധവംശമാകുക എന്നതു വലിയ വിലയും യോഗ്യതയും ആണ് (വാക്യം 4)
- ദൈവ പൈതലായി ദത്തെടുക്കുന്ന അനുഗ്രഹം (വാക്യം 5,6)

- പാപങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പ് - പൂർണ്ണമായ പാപമോചനം എന്ന അനുഗ്രഹം (വാക്യം 7)
- ആത്മിയ സത്യങ്ങളെ മനസിലാക്കുവാനുള്ള പരിജ്ഞാനം എന്ന അനുഗ്രഹം (വാക്യം 8,17,18).
- മറ്റു ക്രിസ്ത്യാനികളോട് കൂട്ടായ്മക്കായുള്ള ദൈവിക പദ്ധതി വെളിപ്പെട്ടു കിട്ടിയ അനുഗ്രഹം (വാക്യം 9,10)
- സ്വർഗ്ഗീയ സമ്പത്തുകൾ അവകാശമാക്കുന്ന അനുഗ്രഹം (വാക്യം 11,12)
- പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെടുന്ന അനുഗ്രഹം (വാക്യം 13)
- നിത്യവീണ്ടെടുപ്പിനായി അച്ചാരം നല്കി എന്ന അനുഗ്രഹം (വാക്യം 14)
- ഒരേ വിശ്വാസത്തിലുള്ളവരുമായി സ്നേഹമുള്ള കൂട്ടായ്മ ആചരിക്കുവാനുള്ള അനുഗ്രഹം(വാക്യം 15)
- സഹോദരങ്ങളെ കരുതി പ്രാർത്ഥനയിൽ ഉറ്റിരിക്കുന്ന അനുഗ്രഹം (വാക്യം 16)
- പിതാവായ ദൈവത്തിൽ നിന്നു ആത്മിയ ശക്തി എന്ന അനുഗ്രഹം (വാക്യം 19)
- കർത്താവിന്റെ വേലയിൽ പങ്കു ചേരുവാനുള്ള അനുഗ്രഹം (വാക്യം 20-23)

മോഹം നമ്മെ പാപത്തിലേക്കു നയിക്കുന്നു. പാപം അന്ധതയിലേക്കും. ഇരുട്ടിൽ തപ്പി നടക്കുന്നവരെപ്പോലെയാണ് പാപികൾ. ശരിയായ കാഴ്ചപ്പാട് അവർക്ക് നഷ്ടമാകുന്നു. ക്രിയാത്മകമായി ഒന്നും ചെയ്യുവാൻ കഴിയാത്ത കുറ്റബോധം അവരെ നിരാശരാക്കും. ആ അന്ധകാരത്തിൽ നിന്നു വിടുവിക്കുവാൻ ദൈവം തന്നിരിക്കുന്ന ശക്തമായ ഒന്നാണ് സുവിശേഷം. പാപിയെ രക്ഷിക്കുവാൻ ശക്തമായ സുവിശേഷത്തെ വിശ്വസിക്കയാണ് ആദ്യം വേണ്ടത്. ദൈവസ്നേഹമാണ് ഈ വഴി ഒരുക്കുവാൻ കാരണം. പിന്നെ പാപത്തെ ഉപേക്ഷിക്കുവാൻ തയ്യാറാകണം. താല്ക്കാലികമായ പാപസുഖം നിത്യ ദു:ഖത്തെയാണ് പ്രദാനം ചെയ്യുന്നതെന്ന് തിരിച്ചറിയണം. മാനസാന്തരപ്പെട്ട് ദൈവപുത്രനാണ് യേശു എന്ന് മനുഷ്യരുടെ മുമ്പിൽ ഏറ്റു പറയുകയും പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും ചെയ്താൽ കർത്താവ് നമ്മെ രക്ഷിച്ച് അവന്റെ സഭയിലാക്കി വെക്കും. - തുടർന്ന് നാം ദൈവവചനപ്ര

കാരം ജീവിക്കയും വിശ്വസ്തമായി കർത്താവിനെ ആരാധിച്ചും സേവിച്ചും അവനെ പ്രസാദിപ്പിക്കണം. അപ്പോൾ അവന്റെ രാജ്യത്തിലെ അത്ഭുതപ്രകാശത്തിലുള്ള സകല അനുഗ്രഹങ്ങളും സന്തോഷത്തോടെ അനുഭവിക്കാം.

✶

## സമൃദ്ധമായ ജീവിതം

**ഡോൺ വാക്കർ**

"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ പ്രവേശിക്കുന്നില്ല" (യോഹന്നാൻ 14:6), "മോഷ്ടിപ്പാനും, അറുപ്പാനും, മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്" (യോഹന്നാൻ 10:10). വിശ്വസ്തമായ ക്രിസ്തീയ ജീവിതം നിയിക്കുക എന്നതാണ് ഒരു മനുഷ്യനെ പ്രയോജനകരമാക്കി മാറ്റുന്നത് എന്നും പറയാം. ദൈവ ശുശ്രൂഷയെക്കാൾ പ്രതിഫലം ലഭിക്കുന്ന മറ്റൊരു സ്ഥാനവും ഇല്ല. കൊരിന്തിലുള്ള സഹോദരന്മാരെ പ്രബോധിപ്പിക്കുന്നതിനിടെ അപ്പൊസ്തലനായ പൌലൊസ് ഇതിനെ കാര്യകാരണ സഹിതം വിവേചിച്ച് കൊടുക്കുന്നുണ്ട്. "ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ" (1 കൊരിന്ത്യർ 15:58).

നമ്മുടെ വിചാരങ്ങൾ അനുസരിച്ചല്ല ദൈവം പ്രവർത്തിക്കുന്നത്. 'വാസ്തവമായും ക്രിസ്തീയ ജീവിതം മഹത്വകരമായ ഒന്നാണ്. സമൃദ്ധമായ ജീവിതം പ്രദാനം ചെയ്യുന്നതു ദൈവമാണ്. അപ്പൊസ്തലൻ എഴുതിയിരിക്കുന്നത് നമുക്കു വായിക്കാം. "എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു സഭയിലും ക്രിസ്തു യേശുവിലും എന്നേക്കും തലമുറ, തലമുറയായും മഹത്വം ഉണ്ടാകട്ടെ; ആമേൻ" (എഫെസ്യർ 3:20). ദൈവശക്തിയുടെ ആഴവും ഉയരവും നീളവും വീതിയും ആർക്കും വിവ

രിക്കാൻ കഴിയുന്നതല്ല. ഒരു യഥാർത്ഥ ദൈവ പൈതലിനെ ദൈവം എങ്ങനെ പരിപാലിക്കും എന്നതു ദൈവം നമുക്കു തന്റെ പ്രവൃത്തിയിലൂടെ കാണിച്ചു തരും. ചുരുക്കി പറഞ്ഞാൽ ദൈവത്തിന്റെ പ്രവൃത്തി മനസിലാക്കാൻ നമ്മുടെ ബുദ്ധി അപര്യാപ്തമാണ്.

ഒരു ക്രിസ്ത്യാനിയുടെ ജീവിതം ഏറ്റവും നന്നാവാൻ ഒരു കാരണം ക്രിസ്തുവിന്റെ രക്തമാണ്. അനേകരുടെ പാപ പരിഹാരത്തിനായി ചിന്തിയതാണ് ആ രക്തം. ജീവനുള്ള, പാപ രഹിതമായ രക്തമാണ് ക്രിസ്തു അർപ്പിച്ചത്. ദൈവ നീതി നമ്മിൽ വരേണ്ടതിനാണ് അവൻ അപ്രകാരം ചെയ്തതു. രക്തം ചിന്താതെയുള്ള യാഗത്തിനു പൂർണ്ണമായ മോചനം വരുത്താൻ കഴിവില്ല. സകലവും ശുദ്ധീകരിക്കപ്പെടുന്നതു രക്തത്താലത്രെ. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല (എബ്രായർ 9:22). സെഖര്യാവിന്റെ പ്രവചനം നിറവേറുന്നത് യേശുവിന്റെ ശാരീരിക മരണം സംഭവിക്കുമ്പോഴത്രെ. "അന്നാളിൽ ദാവീദ് ഗൃഹത്തിനും യെരുശലേം നിവാസികൾക്കും പാപത്തിന്റേയും മാലിന്യത്തിന്റേയും പരിഹാരത്തിന്നായി ഒരു ഉറവു തുറന്നിരിക്കും" (സെഖര്യാവ് 1:7). അവന്റെ രക്തത്താൽ ക്രിസ്തുവിലായി തീർന്നവർക്കു പാപമോചനമെന്ന വീണ്ടെടുപ്പുണ്ട്. സ്നേഹം നിമിത്തം ആണ് തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളെ കഴുകി കളയുവാൻ അവൻ മനസ് കാണിച്ചത്. യേശുവിന്റെ മരണത്തിലും അടക്കത്തിലും ഉയിർപ്പിലും പങ്കാളികളാകുന്നതോടെയാണ് നാം ഓരോരുത്തരും ക്രിസ്ത്യാനികളായി തീരുന്നത്. അല്ലാതെ പാരമ്പര്യമായി ക്രിസ്തീയ കുടുംബത്തിൽ അംഗമായതു കൊണ്ടോ ക്രിസ്ത്യാനി എന്ന പേർ ഇട്ടതു കൊണ്ടോ അങ്ങനെ ആകുന്നില്ല. ഒരു പുതിയ ജീവിതം നയിക്കുവാനാണ് ഇങ്ങനെ ചെയ്യുന്നത്. പുതുജനനം, വീണ്ടും ജനനം എന്നൊക്കെ പറയുന്നത് എന്താണെന്നു മനസിലാക്കണം. ആന്തരിക മനുഷ്യന്റെ ചിന്തക്കും, ഭാവത്തിനും പ്രവർത്തനത്തിനും ഒരു പുതുക്കം സംഭവിക്കണം. സ്നാനം എന്ന കല്പന ദൈവേഷ്ടപ്രകാരം അനുസരിക്കുന്നവരിൽ ഇതു കാണും (റോമർ 6:3–4). കാരണം ക്രിസ്തുവിന്റെ രക്തം പ്രവർത്തിക്കുന്നത് അങ്ങനെ സ്നാനപ്പെടുന്നവരിലാണ് (മർക്കൊസ് 16:16 പ്രവർത്തി 2:38).

ഭയപ്പാട് ഇല്ലാത്ത ജീവിതമാണ് ക്രിസ്തീയ ജീവിതം. അതു

കൊണ്ട് അതിന്റെ മേന്മ ഉയർന്നതു തന്നെ. കർത്താവിൽ മരിക്കുന്നവർ ഭാഗ്യവാന്മാർ (വെളിപ്പാട് 14:13). പലതിനെ കുറിച്ച് വിചാരപ്പെട്ട് നിരാശയിൽ കഴിയുന്ന ലോകത്തുള്ള ആളുകൾക്ക് പ്രത്യാശ നൽകുന്ന കർത്താവു ഉള്ളതു കൊണ്ട് യാതൊരു ആധിക്കും കാരണമാകുന്നില്ല.

✶

## റെവറന്റ്, പിതാവ്, പ്രവാചകൻ, അപ്പൊസ്തലൻ

എം.മിൻറാ

വിശുദ്ധ വേദപുസ്തകത്തിലെ പഴയ നിയമത്തിലും പുതിയ നിയമത്തിലും കാണപ്പെടുന്ന സ്ഥാന ബഹുമതികളാണ് മുകളിൽ പറഞ്ഞവയെല്ലാം. ചിലതു ദൈവത്തിനായിട്ടുള്ളതും മറ്റുള്ളവ ദൈവ വേലയ്ക്കു തിരഞ്ഞെടുക്കപ്പെട്ട ദൈവ പുരുഷന്മാരെ വിളിച്ചിട്ടുള്ളതുമാകുന്നു. ഇന്നത്തെ ക്രിസ്തീയ കാലഘട്ടത്തിൽ ഈ പേരുകളുടെ ഔചിത്യം എത്രമാത്രമുണ്ട് എന്ന് വസ്തുനിഷ്ഠമായി പരിശോധിക്കേണ്ടതുണ്ട്. സങ്കീർത്തനത്തിൽ നാം ദൈവത്തിന്റെ നാമത്തെ വിവരിച്ചിരിക്കുന്നതു വായിക്കുന്നുണ്ട്.

"അവൻ തന്റെ ജനത്തിനു വീണ്ടെടുപ്പ് അയച്ചു, തന്റെ നിയമത്തെ എന്നേക്കുമായി കല്പിച്ചിരിക്കുന്നു: അവന്റെ നാമം വിശുദ്ധവും ഭയങ്കരവുമല്ലൊ" (സങ്കീർത്തനങ്ങൾ 111:10). ഇസ്രായേലിന്റെ വീണ്ടെടുപ്പുകാരനെ കുറിച്ചാണ് സങ്കീർത്തനക്കാരൻ പറയുന്നത്. അതു ദൈവമല്ലാതെ മറ്റാരുമല്ല എന്ന് നമുക്ക് അറിയാം. ദൈവത്തിന്റെ വിശുദ്ധനാമമായ "റെവറന്റ്" എന്നതു മനുഷ്യരുടെ പേരുകൾക്കു മുൻപിൽ ചേർക്കാറുണ്ട്. പഴയനിയമത്തിൽ മതപരമായി ഏറ്റവും ഉയർന്ന സ്ഥാനങ്ങളിൽ ഇരുന്നവർ അതു ചെയ്തിട്ടില്ല. ഉദാഹരണമായി അഹരോനെ മഹാപുരോഹിതനായി അഭിഷേകം ചെയ്തു. അവൻ ഒരിക്കലും റെവറന്റ് എന്ന നാമം അവന്റെ പേരിനോട് ചേർത്ത് ഉപയോഗിച്ചിരുന്നില്ല. ക്രിസ്തു പോലും "റെവറന്റ്" എന്ന പേർ സ്വീകരിച്ചിരുന്നില്ല.

ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള

സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസ രൂപമെടുത്ത് മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്നു (ഫിലിപ്പിയർ 2:5–8). ഒരു കുറ്റവും ഇല്ലാതിരുന്ന യേശു പോലും ദൈവത്തിന്റെ നാമം എടുക്കാൻ തുനിയാതിരുന്ന സാഹചര്യത്തിൽ പാപികളായ മനുഷ്യർ ഇന്നു ദൈവത്തിന്റെ നാമമായ റെവറന്റ് എടുത്ത് തങ്ങളുടെ പേരിനൊപ്പം ഉപയോഗിക്കുന്നത് എത്ര ധിക്കാരമാണ്? ക്രിസ്ത്യാനികൾ പിൻപറ്റുന്നത് ക്രിസ്തുവിനെയാണല്ലോ. അവന്റെ സ്വഭാവമായ താഴ്മയും, സൌമ്യതയും പിതാവിനോടുള്ള അനുസരണയും ആണ് സ്വീകരിക്കേണ്ടത്. അല്ലാതെ മനുഷ്യർക്കിടയിൽ ആദരവും ബഹുമാനവും കിട്ടേണ്ടതിനു എന്തും ചെയ്യുന്ന പ്രവണത നീതീകരിക്കാവുന്നതല്ല. വേദ പരിജ്ഞാനമില്ലാത്തവരെ സംബന്ധിച്ച് അവർക്ക് ഇതൊന്നും പ്രശ്നമല്ല.

ഭൂമിയിൽ ആരേയും പിതാവ് എന്നും വിളിക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്, സ്വർഗ്ഗസ്ഥൻ തന്നെ എന്ന് യേശു പഠിപ്പിച്ചിരിക്കുന്നു (മത്തായി 23:9). മക്കൾ, മാതാപിതാക്കളെ ബഹുമാനിക്കേണ്ടതു ആവശ്യമാണ്. അവരെ അപ്പാ എന്നും അമ്മ എന്നും വിളിക്കുന്നതു തെറ്റല്ല. എന്നാൽ അവന്റെ ശിശ്യന്മാരായിരിക്കുന്ന ആളുകൾ ആദരിക്കത്തക്ക രീതിയിൽ ആരെയും പിതാവ് എന്ന സ്ഥാനം കൊടുത്ത് വിളിക്കരുത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ആത്മികമായി ഒരു പിതാവേ നമുക്കുള്ളു. അതു സ്വർഗ്ഗസ്ഥനായ ദൈവമത്രേ. യേശുവിന്റെ വചനത്തിൽ നിലനിൽക്കുന്നവരാണല്ലോ അവന്റെ ശിഷ്യന്മാർ. നാം അവന്റെ ഉപദേശപ്രകാരം ജീവിക്കുന്നവരാണെങ്കിൽ അവന്റെ കൽപനകൾ എല്ലാം അനുസരിക്കും. യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല എന്ന അവസ്ഥയിലായിരിക്കും എന്ന് 2യോഹന്നാൻ 9-ാം വാക്യത്തിൽ നാം വായിക്കുന്നു. അവന്റെ ഉപദേശത്തിൽ നിലനിൽക്കുന്നവന്നു പിതാവും പുത്രനും ഉണ്ട്. നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ നാം ആദരിക്കയും ബഹുമാനിക്കയും ചെയ്യണം. ആ ആദരവും ബഹുമാനവും മനുഷ്യർക്കുള്ളതല്ല. മനുഷ്യരെ ബഹുമാനിക്കണം, ആദരിക്കണം, പക്ഷേ ദൈവനാമം നൽകി

യല്ല അതു ചെയ്യേണ്ടത്.

ദൈവത്തിനും മനുഷ്യനും മദ്ധ്യേയുള്ള ഭാവി വ്യക്തമാക്കുന്ന ഒരു വക്താവ് എന്നു പ്രവാചകനെ നിർവ്വചിക്കാം. പഴയനിയമത്തിൽ, ദൈവം തന്റെ കൽപനകളും നിയമങ്ങളും ഒരു പ്രത്യേക കാലഘട്ടത്തിൽ ഇവരിൽ കൂടെ നൽകി. പുതിയനിയമ കാലം ആരംഭിച്ചപ്പോഴും പ്രവാചകന്മാർ ഉണ്ടായിരുന്നതായി നാം തിരുവെഴുത്തിൽ വായിക്കുന്നു. ദൈവത്തിന്റെ വെളിപ്പാട് ഈ പ്രവാചകന്മാർക്ക് ദൈവം തന്റെ ആത്മാവിനാൽ നൽകി അവർ അതു ജനത്തിനു നൽകി. ക്രിസ്തുവിനെ കുറിച്ചുള്ള മർമ്മം ആണ് അറിയിച്ചിരുന്നതെന്ന് നാം ഓർമ്മിക്കണം. മാനുഷികമായ കാര്യങ്ങളെ അറിയിക്കാവുന്നവരായിരുന്നില്ല അവർ, ദൈവം മനുഷ്യരിൽ നിന്നു എന്തു ആഗ്രഹിക്കുന്നു എന്നതാണ് അവർ ദൈവത്തിനു വേണ്ടി അരുളി ചെയ്തത്.

ദൈവത്തിന്റെ വെളിപ്പാട് പൂർണ്ണമായും ജനങ്ങൾക്കു കിട്ടുന്നതുവരെ പ്രവചനം ആവശ്യമായിരുന്നു. പൂർണ്ണമായും ദൈവേഷ്ടം വെളിപ്പെടുത്തി കഴിഞ്ഞാൽ പ്രവചനവരമോ അതു നീങ്ങിപ്പോകും, ഭാഷാവരമോ അതു നിന്നുപോകും, ജ്ഞാനമോ അതു നീങ്ങിപ്പോകും. അംശമായി മാത്രം നാം അറിയുന്നു; അംശമായി മാത്രം നാം പ്രവചിക്കുന്നു; പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും എന്ന് (1 കൊരിന്ത്യർ 13:8–9) പറഞ്ഞിരിക്കുന്നു. പൌലൊസിനു കുറെ, പത്രൊസിന് വേറെ ചിലത്, യാക്കൊബിന് ഇതിൽ നിന്നും വ്യത്യസ്തമായതു കുറെ ഇങ്ങനെ പലരിൽ കൂടെയും ആയിട്ടാണ് ദൈവം തന്റെ ഹിതം പൂർണ്ണമായി ജനങ്ങളോട് അറിയിച്ചത്. കള്ളപ്രവാചകന്മാരെ പഴയനിയമത്തിലും പുതിയനിയമത്തിലും മുന്നറിയിച്ചിട്ടുണ്ട്. ഇന്നുമുണ്ട് കള്ള പ്രവാചകന്മാർ. ഭോഷ്ക് പ്രവചിക്കുന്ന പ്രവാചകൻമാർ ദൈവത്തിനു വേണ്ടി സംസാരിക്കുന്നവരല്ല, അവർ അങ്ങനെ അഭിനയിക്കുകയാണ്. ദർശനത്തിലുടെയും സ്വപ്നത്തിലൂടെയും കർത്താവ് അവരോട് സംസാരിച്ചു എന്നു പറഞ്ഞാണ് അവർ വരുന്നത്. പ്രിയരെ നിങ്ങൾ അവരുടെ വഞ്ചനയിൽ കുടുങ്ങരുത്. ദൈവം ഇന്ന് അങ്ങനെ ആരോടും സംസാരിക്കുന്നില്ല. ദൈവം തന്റെ പുത്രൻ മുഖാന്തരം അരുളിച്ചെയ്തതു പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാം അതു

വായിച്ചു മനസിലാക്കണം.

ആരാണ് ഒരു അപ്പൊസ്തലൻ? ദൈവത്താൽ വിളിച്ച് അയക്കപ്പെട്ടവൻ എന്നു ഈ വാക്കിനെ നമുക്കു വിവരിക്കാം. യേശു തന്റെ ശിഷ്യന്മാരെ അടുക്കൽ വിളിച്ച് അവരിൽ നിന്ന് അവൻ പന്ത്രണ്ടു പേരെ തിരഞ്ഞെടുത്തു അവരെ അപ്പൊസ്തലന്മാർ എന്ന പേരിൽ അറിയപ്പെട്ടു (ലൂക്കൊസ് 6:13; പ്രവൃത്തി 1:21-26). അപ്പൊസ്തലനായി തീരുവാൻ ചില യോഗ്യതകൾ ഉള്ളതായി ബൈബിൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. യേശുവിനെ കണ്ട വ്യക്തിയായിരിക്കണം അയാൾ. കാരണം അവർ അവനെ സാക്ഷീകരിക്കേണ്ടവരായിരുന്നു.

## വീട്ടിലേക്കു തിരിച്ചുവരിക

### ഡോൺ വില്യംസ്

ലൂക്കൊസ് 15-ാം അദ്ധ്യായം ഇപ്പോൾ വായിച്ച് കഴിഞ്ഞതേയുള്ളൂ. പല പ്രാവശ്യം ഈ ഭാഗം ഞാൻ വായിച്ചിട്ടുണ്ട്. എന്നാൽ ഒരിക്കൽ കൂടെ അതിൽ അടങ്ങിയിരിക്കുന്ന നഷ്ടപ്പെടുന്നവരോടുള്ള സ്നേഹം പ്രദർശിപ്പിക്കുന്ന ലളിതമായ പ്രസ്താവന എന്നെ വല്ലാതെ ചിന്തിപ്പിക്കയുണ്ടായി. ആ അദ്ധ്യായം വായിച്ച് കഴിഞ്ഞപ്പോൾ അതിലെ നാലു വാക്യങ്ങൾ എന്റെ മനസിൽ പൊങ്ങി വന്നു. അതു നിങ്ങളുമായി പങ്കുവെക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവെഴുത്തിലെ എല്ലാ ഭാഗങ്ങളും നമുക്കു പ്രയോജനപ്പെടുന്നവയാണ്. എന്നാൽ ഈ വാക്യങ്ങൾ നമുക്ക് പ്രത്യേകമായി ചില പാഠങ്ങൾ നല്കുന്നു.

വാക്യം 11- ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. 16-ാം അദ്ധ്യായത്തിൽ ഒരു സംഭവം വിവരിക്കുമ്പോൾ അവരുടെ പേരുകൾ പറയുന്നുണ്ട്. എന്നാൽ 15-ാം അദ്ധ്യായത്തിൽ അവരുടെ പേരുകൾ പറയുന്നില്ല. എന്തു കൊണ്ടായിരിക്കണം ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു എന്നു മാത്രം ലൂക്കൊസ് പറഞ്ഞത്? വെറും ഒരു മനുഷ്യനെയല്ല ഇവിടെ നാം കാണുന്നത്. ഇത്തരം മഹനീയമായ സന്ദർഭങ്ങളിൽ അവരുടെ പേരുകൾക്കല്ല പ്രാധാന്യം പിന്നെയോ അവരുടെ പ്രവൃത്തികൾക്കാ

ണ്. ഇളയ മകൻ മത്സരിച്ച്, മറുത്ത് ഭയങ്കരമായ ജീവിതം നയിക്കാൻ തുടങ്ങി. അവസാനം പിതാവിന്റെ അടുക്കൽ മടങ്ങി വന്നപ്പോൾ പിതാവിന്റെ കരൾ അലിഞ്ഞു അവനെ സ്വീകരിക്കാൻ തയ്യാറായി. ക്ഷമാപണം സകലതും നഷ്ട്ടപ്പെടുത്തിയ ഒരാൾക്ക് എത്ര വിലപ്പെട്ടതാണ് എന്നു ഇവിടെ തെളിയുന്നു.

വാക്യം 13- ഏറെ നാൾ കഴിയുംമുമ്പെ ഇളയ മകൻ സകലവും സ്വരൂപിച്ച് ദൂരദേശത്തേക്കു യാത്രയായി. അവിടെ ദുർനടപ്പുകാരനായി ജീവിച്ച് വസ്തു നാനാവിധമാക്കി കളഞ്ഞു. വളരെ മോശമായ ജീവിതം നയിക്കുന്ന വ്യക്തിയെയാണ്. അവനിൽ നാം കാണുന്നത്. മൂത്തമകൻ അവന്റെ ഇളയ സഹോദരന്റെ ജീവിതത്തെ കുറിച്ച് പറയുന്നത്: "വേശ്യമാരോടു കൂടി നിന്റെ മുതൽ തിന്നു കളഞ്ഞ മകൻ എന്നത്രെ" 15:30). മൂത്തമകൻ തന്നെത്തന്നെ ഉയർത്തി കാണിക്കാൻ ആഗ്രഹിക്കുന്നു. അവന്റെ സഹോദരനെ കാണാൻ അവനു കഴിവില്ല. മറ്റുള്ളവരേക്കാൾ നാം നന്നായി കാണുവാൻ ആഗ്രഹിക്കുന്നു. എങ്കിലും അവരുടെ നന്മ എന്തുകൊണ്ട് ആഗ്രഹിച്ചുകൂടാ. അതിനു ക്ഷമിക്കുവാനുള്ള കഴിവ് ഉണ്ടാകണം. സമൂഹദൃഷ്ടിയിൽ നല്ല ജീവിതം നയിക്കുന്നവർ പലരുമുണ്ട്. പാപത്തിന്റെ ചെളിക്കുഴിയിൽ അപമാനിതരായി ജീവിക്കുന്നവരുമുണ്ട്. ഈ രണ്ടു കൂട്ടരും ക്രിസ്തുവിനെ അനുസരിക്കുന്നില്ലെങ്കിൽ അവർ നഷ്ടപ്പെട്ടവർ തന്നെയാണ്. ഇളയമകന്റെ ഉള്ളിലുള്ള പാപ വഴി നീങ്ങിയപ്പോൾ അവൻ മടങ്ങി വന്നു. അവൻ വീട്ടിൽ പ്രവേശിച്ചു. എന്നാൽ മൂത്തമകൻ അതുവരെ വീട്ടിൽ കഴിഞ്ഞിരുന്നവനാണ്. പക്ഷെ സഹോദരന്റെ വരവ് അവനെ കോപിപ്പിച്ചു. യേശുക്രിസ്തുവിലുള്ള വിശ്വാസത്തോടെ കർത്താവിന്റെ സഭയിലേക്കു പ്രവേശിക്കുവാൻ ഒരു പാപി തയ്യാറായാൽ ദൈവം അവനോടു ക്ഷമിക്കും. അവന്റെ പാപങ്ങൾ, പിതാവ് മോചിച്ചു കൊടുക്കും.

വാക്യം 18- "ഞാൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ ചെന്നു അവനോടു: അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു". ഈ യുവാവ് തന്റെ പാപസംബന്ധമായ ജീവിതം എവിടെ കൊണ്ടെത്തിച്ചു എന്നു മനസിലാക്കിയപ്പോൾ, അവൻ വീട്ടിലേക്കു തിരിച്ചു പോകുവാൻ തീരുമാനിച്ചു. മാത്രമല്ല, ഭൂമിയിലുള്ള അവന്റെ പിതാവിനോടും സ്വർഗ്ഗത്തിലുള്ള ദൈവത്തോടും ക്ഷമാപ

ണം യാചിക്കും എന്ന് അവൻ ഉറപ്പിച്ചു. ഭൗമിക പിതാവിന്നും സർവ്വ ശക്തനായ ദൈവത്തിന്നും അവന്റെ പാപം ലജ്ജ ഉണ്ടാക്കി തീർത്തു. സഭയിലുള്ള ആളുകൾ പരസ്യമായി പാപം ചെയ്യുമ്പോൾ സഭയ്ക്കും ക്രിസ്തുവിനും അതു അപമാനകരമായി മാറുന്നില്ലേ? ഒരാൾ സഭ വിട്ടുപോയി സഭക്കും ക്രിസ്തുവിനും അപമാനം വരുത്തിയശേഷം മാനസാന്തരപ്പെട്ടു തിരിച്ചുവരാൻ ആഗ്രഹിച്ചാൽ അവൻ വന്ന് സഭയോടും ദൈവത്തോടും പരസ്യമായി ക്ഷമായാചനം ചെയ്യണം. തിരുവെഴുത്തു പറയുന്നത്: എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിന്നു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവന്നു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ; നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു" (യാക്കോബ് 5:16).

നാലാമതായി വാക്യം24- "എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു എന്നു പറഞ്ഞു. ഇളയ മകന്റെ മുൻപിലത്തെ അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കുന്നു. പിതാവിന്നു അവൻ നഷ്ടപ്പെട്ടവനായിരുന്നു. അവൻ എവിടെ എന്നുപോലും പിതാവിന്നു അറിഞ്ഞുകൂടായിരുന്നു. അവൻ മരിച്ചുകാണുമായിരിക്കും എന്നു കരുതിയിരുന്നു. എങ്കിലും ഇപ്പോൾ അവനെക്കുറിച്ചു പറയുന്നത്:നഷ്ടപ്പെട്ടവനെ കണ്ടെത്തിയിരിക്കുന്നു; മരിച്ചവനെ ജീവനോടെ കിട്ടിയിരിക്കുന്നു. അവൻ എവിടെ ഭക്ഷണം കഴിച്ച് ഉറങ്ങണമോ അവിടേക്കു അവൻ മടങ്ങിവന്നിരിക്കുന്നു. അവന്റെ വീട്ടിലെ സന്തോഷവും ഭദ്രതയും ഒരിക്കൽ കൂടെ അനുഭവിക്കാൻ അവനു അവസരം ലഭിച്ചു.

എന്തെങ്കിലും കാരണം കൊണ്ടു സഭ വിട്ടുപോയ വ്യക്തിയാണോ നിങ്ങൾ? പ്രിയ സഹോദരാ, സഹോദരി, ദയവുചെയ്തു സഭയിലേക്കു മടങ്ങിവരിക. കാരണം ക്രിസ്തുവിന്റെ സഭയ്ക്ക് പുറത്തു രക്ഷയില്ല, സുരക്ഷിതത്വമില്ല; ആത്മീയ സന്തോഷം ഇല്ല. നിങ്ങളുടെ ആത്മാവ് നഷ്ടപ്പെട്ട അവസ്ഥയിലാണ്. മാനസാന്തരപ്പെടുക, തീരുമാനം എടുക്കുക. ദൈവത്തിന്റെ ഭവനത്തിൽ തിരിച്ചെത്തി പരസ്യമായി തെറ്റ് ഏറ്റു പറയുക. ദൈവത്തോട് അപേക്ഷിക്കയും ചെയ്യുക. നിങ്ങളെ സ്നേഹിക്കുന്ന ദൈവം, സഹോദരങ്ങൾ നിങ്ങളെ കാത്തിരിക്കുകയാണ്. സ്വർഗ്ഗത്തിൽ സന്തോഷമു

ണ്ടാകുന്ന സന്ദർഭമാണ് നിങ്ങളുടെ തിരിച്ചു വരവ്. ഞങ്ങൾ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. ശരിയായ തീരുമാനം എടുക്കേണ്ടതു നിങ്ങളാണ്.

നിങ്ങൾ പാപത്തിലും ലോകത്തിലും ആയി ജീവിക്കുന്ന വ്യക്തിയാണോ? അതായത് സ്വന്തം ഹൃദയ വിചാരങ്ങൾ പ്രകാരം ജീവിച്ചുകൊണ്ടിരിക്കയാണോ? ഒരു പക്ഷെ നിങ്ങൾ മതവിശ്വാസിയാകാം. അല്ലെങ്കിൽ അവിശ്വാസിയാകാം. അതുമല്ലെങ്കിൽ സമുദായങ്ങളിൽ വിശ്വസിക്കുന്ന ആളാകാം. അതെന്തായാലും ശരി നിങ്ങൾ നഷ്ടപ്പെട്ടവനാണ്. കാരണം നിങ്ങൾ ദൈവ ഭവനമാകുന്ന കർത്താവിന്റെ സഭയിൽ പ്രവേശിച്ചിട്ടില്ല. നാമധേയ വിഭാഗങ്ങൾ ക്രിസ്തുവിന്റെ ഭവനമാണെന്ന് തെറ്റിദ്ധരിക്കുന്നവർ ഉണ്ട്. പ്രിയ സ്നേഹിതാ, കർത്താവിന്നു ഒരു ഭവനം മാത്രമാണ് ഉള്ളത്. അതുകൊണ്ട് നിങ്ങൾ ആ ഭവനത്തിലേക്കു വരണം. അവിടെയാണ് നമ്മുടെ പിതാവ് ഉള്ളത്. അവിടെയാണ് നമ്മുടെ കർത്താവ് ഉള്ളത്.

✶

## കർത്താവേ നീ എന്റെ ഹൃദയത്തിലേക്കു വരേണമേ

**ബേസിൽ ഓവർടൺ**

ക്രിസ്തു ഹൃദയത്തിൽ വന്നു വസിക്കുന്നതിനേക്കാൾ പ്രാധാന്യമുള്ള മറ്റൊന്ന് എനിക്കു ചിന്തിക്കാൻ കഴിയുന്നില്ല. പുതിയ നിയമ പുസ്തകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന സത്യം ഗ്രഹിക്കുന്നതിനേക്കാൾ വലിയ അറിവ് മറ്റൊന്നുമില്ല. ദൈവേഷ്ടമാണ് അതിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്നതു. പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ വസിപ്പാൻ ദൈവം നൽകും, ക്രിസ്തു നമ്മുടെ ഉള്ളിൽ വന്നു വസിപ്പാൻ ആഗ്രഹിക്കുന്നു. പക്ഷെ ഓരോരുത്തരും അവരവരുടെ ഹൃദയകവാടം യേശുവിന്നായി തുറക്കണം. അടച്ചുവെച്ച ഹൃദയങ്ങളെ ഭേദിച്ച് യേശു അവയിൽ വസിക്കയില്ല. നമ്മുടെ വ്യക്തിപരമായ ജീവിതത്തെ പരിശോധിക്കയും കുറവുള്ള നിബന്ധനകൾ പാലിക്കുകയും വേണം. ധാരാളം സന്ദേശങ്ങൾ ലോകത്തിൽ ലഭ്യമാണ്. പക്ഷെ കലർപ്പില്ലാത്ത ദൈവ ദൂത് അറിയിക്കുന്നവർ വിരളമാണ്.

## മാധ്യമ സുവിശേഷകർ

റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിൽകൂടെ സുവിശേഷം പ്രചരിപ്പിക്കുന്ന ആളുകൾ ധാരാളം ഉണ്ട്. അവർ സുവിശേഷം അറിയിക്കുന്നതു നഷ്ടപ്പെട്ടുപോയ ആളുകളോടാണല്ലൊ. പ്രസംഗ മദ്ധ്യേയോ പ്രസംഗശേഷമോ ആളുകളെക്കൊണ്ട് പറയിപ്പിക്കുന്നതായ പ്രാർത്ഥനാരീതി ഇപ്രകാരമാണ്. കർത്താവേ, ഇപ്പോൾ ഞാൻ ഒരു പാപിയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. എന്റെ പാപങ്ങൾക്കു വേണ്ടിയാണ് നീ കാൽവരി ക്രൂശിൽ മരിച്ചതെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ എല്ലാ പാപങ്ങളിൽ നിന്നും ഞാൻ മാനസാന്തരപ്പെടുന്നു. ദൈവമേ എന്നോടു ക്ഷമിക്കേണമേ. ദൈവമേ എന്റെ പാപങ്ങൾ ക്ഷമിച്ച് നീ എന്റെ ഹൃദയത്തിൽ വന്നു വസിക്കേണമേ. ചിലപ്പോൾ ഇതു ആവർത്തിക്കാറുണ്ട്. യേശുക്രിസ്തു അവരുടെ ഹൃദയത്തിൽ വസിക്കേണം എന്നതാണ് ഉദ്ദേശം.

പിന്നീട് ഈ സുവിശേഷകർ ഇങ്ങനെ പ്രാർത്ഥിച്ചവരോട് പറയാറുള്ളത് ഇപ്പോൾ നിങ്ങളുടെ പ്രാർത്ഥന ദൈവം കേട്ടിരിക്കുന്നു. അങ്ങനെ ദൈവം നിങ്ങളെ രക്ഷിക്കയും ചെയ്തു. തന്നെയുമല്ല യേശുക്രിസ്തു ഇന്നു മുതൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുന്നതാണ് എന്നുമത്രെ. വേറൊരു കൂട്ടം പ്രാസംഗികർ പ്രസംഗ മദ്ധ്യേ ജനങ്ങളോട് ചോദിക്കും, നിങ്ങൾ കർത്താവായ യേശുവിൽ വിശ്വസിക്കുന്നുവോ? യേശു ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയ രക്ഷകനായി സ്വീകരിക്കുന്നുവോ എന്ന്. സദസിൽ നിന്നു ആളുകൾ കൈകൾ ഉയർത്തും. അപ്പോൾ സുവിശേഷകർ പറയുന്നതു: ഓ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നത്രെ. ഇതു കേൾക്കുമ്പോൾ വാസ്തവത്തിൽ എന്റെ ഹൃദയം വേദനകൊണ്ട് നീറുകയാണ്. ആത്മാക്കളോടുള്ള സ്നേഹം നിമിത്തം ഞാൻ അപേക്ഷിക്കുന്നതു എന്തെന്നാൽ നിങ്ങൾ ഈ വഞ്ചനയിൽ കുടുങ്ങരുത്. ദൈവം ഒരിക്കലും തന്റെ അരുളപ്പാടുകളിൽ ഇങ്ങനെ ചെയ്യാൻ പറഞ്ഞിട്ടില്ല. ഇങ്ങനെ രക്ഷ കിട്ടുന്നതുമല്ല എന്നു നിങ്ങൾ അറിഞ്ഞിരിക്കണം. പാപങ്ങൾ ദൈവം ക്ഷമിക്കുന്നതു ഇങ്ങനെയല്ല. നിങ്ങൾ കേൾക്കുന്ന ഉപദേശം ബൈബിളിൽ ഉണ്ടോ എന്നു ദയവു ചെയ്തു പരിശോധിക്കണം. ഈ രീതിയിൽ പ്രസംഗിക്കുന്നവരും ഇതെല്ലാം വിശ്വസി

ക്കുന്നവരും ആത്മാർത്ഥതയോടെയായിരിക്കാം ചെയ്യുന്നതു. പക്ഷെ അതുകൊണ്ട് യാതൊരു ഫലവും കിട്ടുന്നില്ല എന്നോർക്കണം.

## തോന്നലും വിശ്വാസവും

വിശ്വാസത്തിൽ നിന്നാണല്ലോ ഒരാൾക്കു തോന്നലുകൾ ഉരുത്തിരിയുന്നതു. ഒരാളുടെ ഹൃദയത്തിൽ ഉണ്ടാകുന്ന തോന്നലുകൾ തെറ്റോ ശരിയോ വിശ്വസിച്ചതിന്റെ ഫലമാകാം. സത്യം ഒരാൾ വിശ്വസിക്കുന്നു എന്നു വരികിൽ ആ വ്യക്തിക്കുണ്ടാകുന്ന തോന്നൽ ആയിരിക്കയില്ല മറ്റൊരാൾക്ക് ഉണ്ടാകുന്നതു. ഒരാൾ വിശ്വസിച്ചാലും ഇല്ലെങ്കിലും സത്യം സത്യമായി നിലനിൽക്കും. വേറൊരു രീതിയിൽ പറഞ്ഞാൽ സത്യം എപ്പോഴും സത്യമായിരിക്കും. മനുഷ്യരുടെ വികാര വിചാരങ്ങൾ അവരുടെ തോന്നലുകൾ അനുസരിച്ചുള്ളതാണ്. സത്യം സത്യമായതുകൊണ്ട് അതിനു മറ്റൊന്നിന്റേയും ഊന്നൽ ആവശ്യമില്ല. ആളുകളുടെ പ്രതികരണം എന്തു തന്നെയായാലും സത്യത്തെ അതിന്റെ ഉദ്ദേശത്തിൽ നിന്നു മാറ്റുവാൻ മനുഷ്യർക്കു കഴിയുകയില്ല.

ഇനി വിശ്വാസത്തിന്റെ കാര്യം എടുക്കാം. വിശ്വാസത്തെ ആശ്രയമായി കണക്കിലെടുക്കാം. തെറ്റായ വ്യക്തികളിലും വസ്തുതകളിലും വിശ്വാസം അർപ്പിക്കുന്നവരുണ്ട്. ശരിയാണെന്ന് അവർക്കു തോന്നുന്നതു കൊണ്ടാണ് അവർ അങ്ങനെ ചെയ്യുന്നതു. ശരിയായ വ്യക്തികളിലും വസ്തുതകളിലും വിശ്വാസം അർപ്പിക്കുമ്പോൾ ഉണ്ടാകുന്ന തോന്നലും മുമ്പേ സൂചിപ്പിച്ച തോന്നലും ഒരേ രീതിയിൽ തന്നെയാണ്. പക്ഷെ ഫലം വ്യത്യസ്തമായിരിക്കും. ദൈവത്തിൽ ആശ്രയിക്കുന്നവർക്കു പ്രതിഫലം കിട്ടും. ദൈവത്തിന്റെ സത്യവചനത്തിൽ ആശ്രയിക്കുന്നവർക്കും അതിന്റെ ഗുണകരമായ ഫലം പ്രതീക്ഷിക്കാം. തോന്നലും വിശ്വാസവും തമ്മിൽ തെറ്റിദ്ധരിക്കുവാനിടയാകരുത്. രണ്ടും രണ്ടാണ് എന്നു നാം അറിഞ്ഞിരിക്കണം.

## പ്രാർത്ഥിച്ച ചിലർ

ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ എന്നു പ്രാർത്ഥിച്ച ചുങ്കക്കാരൻ നീതീകരിക്കപ്പെടുകയുണ്ടായി (ലൂക്കൊസ് 18:13, 14). മോശെയുടെ ന്യായപ്രമാണ കാലഘട്ടത്തിൽ ജീവിച്ച ഒരു ദൈവ പൈതലായിരുന്നു ചുങ്കക്കാരൻ. യേശുക്രി

സ്തുവിന്റെ ക്രൂശിലെ മരണത്തോടുകൂടി ആ നിയമം നീങ്ങപ്പെട്ടു (എഫെസ്യർ 2; കൊലൊസ്യർ 2; യോഹന്നാൻ 1:17). അതുകൊണ്ട് ദൈവ മകനായി തീരുവാൻ, അല്ലെങ്കിൽ ക്രിസ്ത്യാനിയായി തീരുവാൻ ഈ മാതൃക നമുക്കു സ്വീകാര്യമല്ല. ഇന്നു പുതിയ നിയമമാണ് പ്രാബല്യത്തിൽ ഇരിക്കുന്നത്. വിശ്വാസത്താലുള്ള നീതീകരണം നമുക്ക് ഉണ്ട്. ക്രിസ്തുവിലുള്ള വിശ്വാസവും അനുസരണവുമാണ് ഇന്നു എല്ലാ മനുഷ്യർക്കും ആവശ്യം.

ദ്ദമസ്ക്കോസിലേക്കുള്ള മാർഗ്ഗമധ്യേ തർസൊസുകാരനായ ശൗൽ, യേശുവിന്റെ ദർശനത്തിനു ശേഷം പ്രാർത്ഥിക്കുന്നുണ്ട് (പ്രവൃത്തി 9:10-16). അവന്റെ പ്രാർത്ഥന കൊണ്ട് അവന്റെ പാപങ്ങൾ മോചിച്ചുകൊടുക്കയോ അവൻ രക്ഷ പ്രാപിക്കയോ ചെയ്തില്ല എന്നു നാം കാണുന്നു. അനന്യാസ് എന്ന സുവിശേഷകൻ ശൗലിനോട് എഴുന്നേറ്റ് പ്രാർത്ഥിച്ചു സ്നാനമേറ്റ് നിന്റെ പാപങ്ങൾ കഴുകികളക എന്നു പറയുന്നുണ്ട് (പ്രവൃത്തി 22:16). അങ്ങനെ രക്ഷക്കു വേണ്ടി മനുഷ്യർ എന്തു ചെയ്യണമെന്നു ദൈവം കൽപിച്ചിരിക്കുന്നു. ഇതു മനസിലാക്കാതെ മനുഷ്യരെ തെറ്റിക്കുന്ന അനേകം ഉപദേശങ്ങൾ ഇന്നു ലോകത്തിൽ സുലഭമായിട്ടുണ്ട്.

★

## വളരെ കട്ടിയായി തോന്നാം

### എഡ്ഡി ജിൽപിൻ

പല രീതിയിലും മറ്റെല്ലാ പുസ്തകങ്ങളെയും അപേക്ഷിച്ച് പ്രത്യേകതയുള്ള ഒന്നാണ് ബൈബിൾ. അവയിൽ ഒന്നാണ് അതിലെ ഉപയോഗ രീതി. ഉദാഹരണമായി എടുത്താൽ പുതിയ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന പല വസ്തുതകളുടേയും നിഴലായി പഴയനിയമത്തിൽ പ്രസ്താവിച്ചിരുന്നു (എബ്രായർ 8:5, 9:1, 17; 10:1). പഴയനിയമത്തിൽ പെസഹകുഞ്ഞാടിനെ അറുക്കുമായിരുന്നു, അതിനെ യേശുക്രിസ്തുവുമായി താരതമ്യം ചെയ്യുമ്പോൾ വാസ്തവത്തിലുള്ള പെസഹ എന്താണെന്ന് വ്യക്തമാകും. ആദ്യത്തേതു രണ്ടാമത്തേതിലേക്കു വിരൽ ചൂണ്ടുന്നു എന്നു നമ്മെ പഠിപ്പിക്കുന്നു. പുറപ്പാട് 12:43;13:10-യോഹന്നാൻ 19:36). ഈ വാക്യങ്ങൾ വളരെ നന്നായി പരിശോധനക്കു വിധേയമാക്കുമ്പോൾ ധാരാളം പാഠങ്ങൾ നമ്മെ

പഠിപ്പിക്കുന്നു. മിസ്രയീം ജനങ്ങളിലേക്കു അയച്ച ഒമ്പതാമത്തെ ബാധ
കേന്ദ്രീകരിച്ചാണ് ഈ ലേഖനം ഏതാനും കാര്യങ്ങളിൽ വെളിച്ചം വീശ
ന്നതു.

തന്റെ ജനമായ ഇസ്രായേലിനെ സ്വതന്ത്രയാക്കാൻ ദൈവ
ചെയ്യുന്ന അത്ഭുതകരമായ പരിശ്രമത്തെ വെളിപ്പെടുത്തിയിരിക്കുന്ന ഭാ
മാണ് പുറപ്പാട് 7:12. പഴയ നിയമ ചരിത്രരേഖകളിൽ വളരെ താൽപര
ജനകമായ സംഭവ വികാസങ്ങളാണ് ഈ ബാധകളിൽ നാം കാണുന്നര
ഒന്നോ അതിലധികമോ വിഗ്രഹങ്ങളെ ലക്ഷ്യമാക്കിയുള്ളതായിരുന്നു മിസ്ര
യീമിലെ ഈ ബാധകൾ. ഉദാഹരണമായി മിസ്രയീമ്യർ നൈൽ നദിയേയു
അതിന്റെ ദേവനായ ഹാപിയേയും നമസ്ക്കരിച്ചിരുന്നു. അതുകൊണ്ട
ദൈവം ആളുകളേയും നദിയേയും മുറിച്ചു കളയുന്നു. വെള്ളം രക
മാക്കി മാറ്റി (പുറപ്പാട് 7:14-25). ഇസ്രായേലിനെ അടിമത്വത്തിൽ നിന്ന
മോചിക്കുവാൻ നടത്തുന്ന ഈ ബാധകൾ അങ്ങനെ അവരുടെ മുഖ
മായ വിഗ്രഹങ്ങളിൽ ആശ്രയിക്കുന്നത് മൗഢ്യമാണെന്നു കൂടെ ദൈവ
വെളിപ്പെടുത്തി കൊടുത്തു. ഇസ്രായേലോ ഇന്നത്തെ ആധുനിക മന
ഷ്യനോ തിരച്ചറിയാത്ത സത്യമാണ് ഇതു.

ഈ ബാധകളിൽ ഒമ്പതാമത്തേതിൽ കാണുന്ന ശക്തി, പ്രകാശ
എന്നിവ അതിന്റെ ലക്ഷ്യത്തെ വെളിപ്പെടുത്തുന്നു (പുറപ്പാട് 10; 21-29
യഹോവയായ കർത്താവ് മൂന്നു ദിവസത്തേക്കു മിസ്രയീം ദേശം മു
വൻ ഇരുട്ടാക്കി ഒരുത്തനെ ഒരുത്തൻ കാണാതവണ്ണം ഇരുട്ടായി തീർന്ന
വളരെ കട്ടിയായിട്ടാണ് ഇരുട്ട് അവർക്ക് അനുഭവപ്പെട്ടതു. എങ്കിലും ഇസ്ര
യേൽ ജനം താമസിച്ചിരുന്ന ഗോശാനിൽ വെളിച്ചം അനുഭവപ്പെടുകയു
ചെയ്തു. വേർതിരിക്കുന്നതും തിരിച്ചറിയാവുന്നതുമായ ഒരു വസ്തു
ഇവിടെ നമുക്കു കാണിച്ചുതരുന്നു. മിസ്രയീമിൽ ഒരു ഭാഗത്തു വിഗ്രഹ
രാധികളായ മിസ്രയീമ്യർ ഇരുട്ടിൽ കഴിയുന്നു. മറുകരയിൽ ദൈവജ
മായ ഇസ്രായേൽ വെളിച്ചത്തിൽ ഇരിക്കുന്നു. ഇരുട്ട് പാപത്തെ സൂചിപ്പ
ക്കുന്നു. വെളിച്ചമോ പാപരഹിതമായ ജീവിതത്തെ സൂചിപ്പിക്കുന്നു. വിഗ്ര
ഹങ്ങളെ സേവിക്കുന്നവർ ഇരുട്ടിൽ തപ്പി നടക്കുകയാണ്. യഥാർത
ദൈവത്തെ ആശ്രയിക്കുന്നവർ പ്രകാശിതരായിതീരും.

കൊലൊസ്യയിലുള്ള വിശുദ്ധന്മാരെ ബലപ്പെടുത്തി ഉറപ്പിക്കേണ
തിനു പ്രാർത്ഥിച്ചു പ്രബോധിപ്പിക്കുന്നതു എന്തെന്നാൽ " നിങ്ങൾ പൂർണ
പ്രസാദത്തിനായി കർത്താവിനു യോഗ്യമാകും വണ്ണം നടന്നു ആത്മി
മായ ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാന
കൊണ്ടു നിറഞ്ഞു വരേണം എന്നും സകല സൽപ്രവർത്തിക്കും ഫല

കായിച്ച് ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണമെന്നും സകല സഹിഷ്ണുതക്കും ദീർഘക്ഷമക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിനും ഒത്തവണ്ണം പൂർണ്ണ ശക്തിയോടെ ബലപ്പെടേണമെന്നും വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നുവിടുവിച്ചു തന്റെ സ്നേഹ സ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത പിതാവിനു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നു അപേക്ഷിക്കുന്നു. അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പ് ഉണ്ട് (കൊലൊസ്യർ 1:10-14) എന്നത്രെ. വിപരീതഫലമുളവാക്കുന്നവയാണ് ഇരുട്ടും വെളിച്ചവും. ഇരുട്ട് തിന്മയെ എടുത്തു കാണിക്കുന്നു; വെളിച്ചം നന്മയെയും. ദൈവം വെളിച്ചമാകുന്നു. അവനിൽ ഇരുട്ട് ഒട്ടും ഇല്ല(1 യോഹന്നാൻ 1:5). അഭക്തന്മാർക്കിടയിൽ ദൈവമില്ലാത്തതുകൊണ്ട് അവർ ഇരുട്ടിലായി ദൈവഭക്തന്മാർക്കിടയിൽ ദൈവം ഉള്ളതുകൊണ്ട് അവിടെ വെളിച്ചം ഉണ്ടായി.

"യേശു പിന്നെയും അവരോട് സംസാരിച്ചു; ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്നു പറഞ്ഞു" (യോഹന്നാൻ 8:12). അവനോട് കൂട്ടായ്മ ഉണ്ടു എന്നു പറയുകയും ഇരുളിൽ നടക്കുകയും ചെയ്താൽ നാം ഭോഷ്കു പറയുന്നു, സത്യം പ്രവർത്തിക്കുന്നില്ല. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. (1 യോഹന്നാൻ 1:6-7)

★

## കേൾവിക്കു മാന്ദ്യത

ഡീൻ ഹ്യൂജറ്റ്

കേൾക്കുവാനുള്ള കാര്യങ്ങൾ ധാരാളമുണ്ട്. കേൾക്കുന്നത് എന്ത് കേൾക്കാതിരിക്കുന്നതെന്ത്? ശാരീരികമായ ശേഷിയിൽ മനുഷ്യജീവിതത്തിൽ പ്രധാന പങ്കു വഹിക്കുന്ന ഒന്നാണ് ശ്രവണ ശക്തി. കേൾക്കുവാൻ കഴിയാതെ അംഗവൈകല്യത്താൽ

വിഷമിക്കുന്ന ധാരാളം പേർ ഉണ്ട്. അപകർഷതാബോധത്തിന്റെ നീർച്ചുഴിയിൽ അകപ്പെട്ട് നീറുകയാണ് അവർ. നമ്മുടെ ശരീരത്തിന്റെ അവയവങ്ങൾക്ക് എല്ലാം പ്രാധാന്യമുണ്ട്. ഒന്നിനെ മറ്റൊന്നിൽ നിന്നു മാറ്റി നിർത്താനാവില്ല. ശബ്ദം തിരിച്ചറിയുവാനുള്ള കഴിവ് ദൈവം തന്നിരിക്കുന്നത് എത്ര വലിയ അനുഗ്രഹമാണ്. നാം ആ കഴിവിനെ ഏതു വിധത്തിൽ ഉപയോഗിക്കുന്നു എന്നും ഏതു വിധത്തിൽ ഉപയോഗിക്കാതിരിക്കുന്നു എന്നും വേർതിരിച്ച് മനസിലാക്കുക.

യേശുക്രിസ്തു യഹൂദന്മാരുടെ മദ്ധ്യേ ജീവിച്ചപ്പോൾ അവരുടെ ഇടയിൽ പരീശന്മാരായ ഒരുകൂട്ടം ആളുകൾ ഉണ്ടായിരുന്നു. അവരെ കുറിച്ച് യേശുക്രിസ്തു പ്രസ്താവിച്ചത്: "നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ലതാനും; കണ്ണാൽ കാണും ദർശിക്കയില്ല താനും. ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു; അവർ ചെവികൊണ്ട് മന്ദമായി കേൾക്കുന്നു; കണ്ണു അടെച്ചിരിക്കുന്നു. അവർ കണ്ണു കാണാതെയും ചെവി കേൾക്കാതെയും ഹൃദയം ഗ്രഹിക്കാതെയും തിരിഞ്ഞു കൊള്ളാതെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിന്നു തന്നെ" (മത്തായി 13:14). എബ്രായ ലേഖകൻ അന്നത്തെ ക്രിസ്ത്യാനികളെ കുറിച്ച് പറയുന്നതും ഇതിനോടു യോജിക്കുന്നു. "ഇതിനെ കുറിച്ച് ഞങ്ങൾക്കു വളരെ പറയുവാനുണ്ട്; എങ്കിലും നിങ്ങൾ കേൾപ്പാൻ മാന്ദ്യമുള്ളവരായി തീർന്നതുകൊണ്ട് തെളിയിച്ചു തരുവാൻ വിഷമം" (എബ്രായർ 5:11). ഈ രണ്ടു സന്ദർഭങ്ങളിലും അവർക്കു ഭൗതികമായ ശ്രവണ മാർഗ്ഗം വേണമെന്നല്ല പറയുന്നത്. ഭൗതികമായ അംഗവൈകല്യത്താലുള്ള പ്രയാസം അല്ല അവർ നേരിട്ടുകൊണ്ടിരിക്കുന്നത്. എന്നാൽ സ്വന്തം ആത്മിയമായ കാര്യങ്ങൾ കേൾക്കുവാൻ അവർക്കു താല്പര്യമില്ല. ദൈവവുമായി അവരെ അടുപ്പിക്കുന്ന രീതിയിലുള്ള കാര്യങ്ങൾ ഗ്രഹിക്കുവാൻ അവർക്കു മനസില്ലായിരുന്നു. അവർ വിശ്വസിച്ചുകഴിഞ്ഞതിനപ്പുറമായി മറ്റൊന്നും കേൾക്കുവാൻ അവർക്കു ആഗ്രഹമില്ല.

★

## നൈലിന്റെ ഉത്ഭവം റുവാണ്ടയിൽ

നൈൽ നദിയുടെ യഥാർഥ ഉത്ഭവസ്ഥാനം കണ്ടെത്തിയതായി ബ്രിട്ടീഷ്, ന്യൂസീലാൻഡ് സംഘം. 80 ദിവസം യാത്ര ചെയ്താണു ന്യുൻഗ്വെയിലെ മഴക്കാടുകളിൽ നൈലിന്റെ യഥാർഥ ഉത്ഭവസ്ഥാനം അവർ കണ്ടെത്തിയത്. 6700 കി.മീ. സഞ്ചരിച്ചാണു നീൽ മക്ഗ്രിഗർ, കാം മക്‌ലീ, ഗാർത് മകിന്റയർ എന്നിവർ യാത്ര പൂർത്തിയാക്കിയത്. യുഗാണ്ടയിലെ വിക്ടോറിയ തടാകമാണ് ഇതുവരെ നൈലിന്റെ ഉത്ഭവസ്ഥാനമായി കരുതപ്പെട്ടിരുന്നത്. പുതിയ കണ്ടുപിടിത്തത്തോടെ നൈലിന്റെ നീളം 107 കി.മീ. കൂടും.

★

## മൂന്നു മെഡിക്കൽ വിദ്യാർഥിനികൾക്ക് ഡെങ്കിപ്പനി

മെഡിക്കൽ കോളജ് വനിതാ ഹോസ്റ്റലിലെ മെഡിക്കൽ വിദ്യാർഥികളിൽ ഡെങ്കിപ്പനി ബാധ കണ്ടെത്തി.

വൈറൽ പനി പിടിപ്പെട്ട 12 വിദ്യാർഥിനികളെ ഒരാഴ്ച മുൻപു വിദഗ്ധ പരിശോധനയ്ക്കു വിധേയമാക്കിയിരുന്നു. ഇവരിൽ മൂന്നുപേർക്കാണു ഡെങ്കിപ്പനി സ്ഥിരീകരിച്ചത്. ഒൻപതു വിദ്യാർഥിനികളുടെ രക്ത സാംപിളുകൾ വിദഗ്ധ പരിശോധനയ്ക്കായി പുണെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അയച്ചതായി മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. രമാദേവി അറിയിച്ചു.

★

## വിഡ്ഢിദിനത്തിലെ ബോംബ്: പൊലീസ് 'ഫൂളായി'

ഫോണെടുത്താൽ ബോംബുഭീഷണി. പൊലീസ് ബോംബ് സ്ക്വാഡും ഡോഗ് സ്ക്വാഡും തലങ്ങുംവിലങ്ങും പായുന്നു. പൊലീസിന്റെ ഈ അന്തംവിട്ട പാച്ചിൽ കണ്ടതോടെ വിഡ്ഢിദിനത്തിന് ഗൗരവം അൽപംകൂടിപ്പോയില്ലേയെന്നു നാട്ടുകാർക്കും

സംശയം. നഗരത്തിൽ ഒരുതുള്ളി വെള്ളംനൽകാതെ തലേദിവസം രാത്രി തന്നെ പമ്പിങ്ങ് നിർത്തിവച്ച് ജലഅതോറിറ്റി നഗരവാസികളെ ഒന്നടങ്കം ഫൂളാക്കി 'ഏപ്രിൽ ഫൂൾ' ആഘോഷിക്കുകയും ചെയ്തു.

★

## ഓലമേഞ്ഞ സ്കൂൾ കെട്ടിടം അനുവദിക്കില്ല

ഓലമേഞ്ഞതോ വേഗം അഗ്നിക്കിരയാവുന്നതോ ആയ മേൽക്കൂരകൾ ഉള്ള സ്കൂൾ കെട്ടിടങ്ങൾ പ്രവർത്തിക്കാൻ അനുവദിക്കില്ലെന്ന് സർക്കാർ വ്യക്തമാക്കി. അടുത്ത അധ്യയന വർഷം സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഇക്കാര്യം കണക്കിലെടുക്കണമെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ എൻജിനീയർമാർക്കു നിർദേശം നൽകി.

★

## സ്ത്രീ വ്യവസായികൾ വീട്ടമ്മമാർക്കു മാതൃക

വ്യാപാര വ്യവസായരംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകൾ ഇന്ത്യയിലെ മറ്റുള്ള വീട്ടമ്മമാർക്കു മാതൃകയാണെന്നു ജസ്റ്റിസ് കെ.കെ. ഉഷ പറഞ്ഞു.

വ്യാപാരി വ്യവസായി ഏകോപനസമിതി രജതജൂബിലിയാഘോഷ സമ്മേളനത്തോടനുബന്ധിച്ചുള്ള വനിതാസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ഏതു സംരംഭമായാലും കൂടുതൽ കാര്യങ്ങൾ പഠിക്കാൻ ശ്രമിക്കണം. കേരളീയ വനിതകൾക്കു വ്യാപാരരംഗത്തു പ്രശോഭിക്കാൻ കഴിയും. കുടുംബത്തിന്റെ ചുമതലയിൽ തങ്ങൾക്കു കൂടുതൽ പങ്കുവഹിക്കേണ്ടതില്ലെന്ന പുരുഷന്മാരുടെ തെറ്റിദ്ധാരണ പലപ്പോഴും പ്രഫഷണൽ രംഗത്തുള്ള സ്ത്രീകൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്നു. കുടുംബഭാരം വ്യവസായ-വ്യാപാരമേഖലയിലെ പ്രവർത്തനങ്ങൾക്കു തടസ്സമാകരുതെന്നും ജസ്റ്റിസ് ഉഷ പറഞ്ഞു.

★

## 'ജറുസലേം' വേറിട്ട അനുഭവം: ശങ്കർ

അദ്ഭുതകരമായ വെളിപാടുകളുടെയും തീവ്രാനുഭവങ്ങളുടെയും ഓർമകളാണ് തനിക്കു ജറുസലേം സന്ദർശനമെന്ന് ആർക്കിടെക്ട് ശങ്കർ അഭിപ്രായപ്പെട്ടു.

ചരിത്രബോധവും ആത്മീയാനുഭവങ്ങളും ഒന്നുചേരുന്ന അത്യപൂർവ സന്ദർശനമായിരുന്നു അത്. വൈ.എം.സി.എയുടെ നേതൃത്വത്തിൽ ഇസ്രയേലിനെക്കുറിച്ചു നടത്തിയ ചർച്ച ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എത്രയോ യാത്രകൾ, എത്രയോ സ്ഥലങ്ങൾ, പക്ഷേ, കുരിശിന്റെ വഴിയിലൂടെ നടക്കുമ്പോൾ വിശ്വാസിയല്ലാത്ത എന്റെ മനസ്സിലും അവാച്യമായ നിറവ് അനുഭവപ്പെട്ടു.

★

## പഞ്ചസാരയ്ക്കു മധുരമേറെ

രാജ്യാന്തര വിപണിയിൽ പഞ്ചസാര വില ഈ വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിലെത്തി നിൽക്കുകയാണ്. ഇതോടെ വർഷങ്ങളായി താഴ്ന്ന നിലവാരം പുലർത്തിയിരിക്കുന്ന ഒട്ടുമിക്ക പഞ്ചസാര ഉത്പാദക കമ്പനികളും ഉണർവിന്റെ പാതയിലാണ്. കഴിഞ്ഞ വർഷം 145 ദശലക്ഷം ടൺ പഞ്ചസാരയുടെ ആവശ്യം നേരിട്ടു. 1995-ൽ ഇത് 118 ദശലക്ഷം ടണ്ണായിരുന്നു. ഉത്പാദനത്തിൽ മികച്ചു നിൽക്കുന്നത് ഏഷ്യൻ ഉപഭൂഖണ്ഡമാണ്- 47 ദശലക്ഷം ടൺ. ഇതിൽ ഇന്ത്യ 18 ദശലക്ഷം ടൺ ഉത്പാദിപ്പിക്കുമെന്ന് കണക്കാക്കുന്നു. എന്നാൽ ഇന്ത്യയിലെ ഉത്പാദനത്തിൽ കാര്യമായ കയറ്റിറക്കം കാണുന്നു. ഇതിന് കാരണം കരിമ്പ് കൃഷി ചെയ്യുന്ന പ്രധാന സ്ഥലങ്ങൾ വരൾച്ചയെ നേരിട്ടതാണ്.

★

## ഒടുവിൽ വൈൻ കുടി കേരളത്തിലും വ്യാപിക്കുന്നു....

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കൊപ്പം കേരളം നീങ്ങുന്നില്ലെന്നൊരു പരാതി പണ്ടേയുണ്ട്. എന്നാൽ കേരളം ഒഴുക്കിനൊത്തു നീങ്ങുന്ന ഒരു രംഗമുണ്ട്. വൈൻ കുടി.

ഇക്കൊല്ലം സംസ്ഥാനത്താകെ 12000 കെയ്സ് വൈൻ വിറ്റിട്ടുണ്ട്. മാസം 1000 കെയ്സ് പോകുന്നു. ഒരു കെയ്സ് 12 കുപ്പി വച്ചു കണക്കാക്കുമ്പോൾ 144000 കുപ്പി വീഞ്ഞ് വിറ്റിരിക്കുന്നു! ഇതൊരു റെക്കോർഡാണ്.

കഷ്ടിച്ച് 500 കെയ്സ് സംസ്ഥാനമാകെ വിറ്റിരുന്ന സ്ഥാനത്താണ് 12000 കെയ്സിലേക്കൊരു ചാട്ടം നടത്തിയിരിക്കുന്നത്.

ഈ പ്രവണത കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകെയുണ്ടെന്നതാണു പ്രത്യേകത. മുംബൈ, ഡൽഹി, ബാംഗ്ലൂർ പോലുള്ള വൻനഗരങ്ങളിലാണ് വീഞ്ഞിലേക്കുള്ള മാറ്റം തുടങ്ങിയത്. വൈൻ ഫാഷൻ കൊച്ചു പട്ടണങ്ങളിലേക്കും വ്യാപിക്കുകയാണത്രേ. നാഗ്പൂർ, നാസിക്, ഭോപ്പാൽ, ലുധിയാന പോലുള്ള നഗരങ്ങളും വൈൻ പ്രേമികളെക്കൊണ്ടു നുരയുകയാണ്. പ്രതിവർഷം 20%-30% വളർച്ചാ നിരക്കും വൈൻ വിപണിക്കുണ്ട്.

★

## ഭൂകമ്പം തകർത്ത ബാലകോട്ട് പട്ടണം മാറ്റി സ്ഥാപിക്കും

ഒക്ടോബർ എട്ടിനുണ്ടായ ഭൂകമ്പത്തിൽ തരിപ്പണമായ ഉത്തര പാക്കിസ്ഥാനിലെ പട്ടണമായ ബാലകോട്ട് പുതിയൊരു സ്ഥാനത്തേക്കു മാറ്റി പുനർനിർമിക്കും.

മൂന്നുലക്ഷം ജനങ്ങൾ പാർത്തിരുന്ന പട്ടണം പഴയ സ്ഥാനത്തു പുനർനിർമിക്കുന്നത് അപകടകരമാണെന്ന് ഇവിടുത്തെ ഭൂകമ്പസാധ്യതയെ കുറിച്ചു പഠനം നടത്തിയ തുർക്കിയിൽനിന്നുള്ള വിദഗ്ധസംഘം മുന്നറിയിപ്പു നൽകിയിരുന്നു.

★

## ബഹ്റൈൻ ബോട്ട് ദുരന്തം: മൃതദേഹങ്ങൾ നാട്ടിലെത്തി

ബഹ്റൈനിൽ ഉല്ലാസനൗക മറിഞ്ഞു മരിച്ച ഒരു ഇന്ത്യക്കാരന്റെ കൂടി മൃതദേഹം കിട്ടി. ഇതോടെ, ഏഴു മലയാളികൾ ഉൾപ്പെടെ ദുരന്തത്തിൽ മരിച്ച ഇന്ത്യക്കാരുടെ എണ്ണം 22 ആയി. ആകെ മരണം 58 ആണ്. മുംബൈ സ്വദേശി ഗബ്രിയേൽ ഫെർണാണ്ടസിന്റെ മൃതദേഹമാണ് ഇന്നലെ രാവിലെ കണ്ടെത്തിയത്.

★

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S.Tvm on 23/24 April**

**Price of single copy: Rs.4/-**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08

Licensed to post without prepayment No. Tech/62-2 TV(N) 40/2006

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378